# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പാറശ്ശാല ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ റ്റി വി എം ബി പി/303/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 05/03/2022
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പാറശ്ശാല ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : പാറശ്ശാല ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാറശ്ശാല ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:
-

നമ്പർ: കെ എസ് എ റ്റി വി എം ബി പി/303/2022 തീയ്യതി: 05/03/2022

## തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ഷീല ഉബാൾഡ് | ജോയിന്റ് ഡയറക്ടർ | 10-01-2022 | 18-01-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 10-01-2022 | 18-01-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി. ശോശാമ്മ എസ്, ഓഡിറ്റ് ഓഫീസർ
ശ്രീമതി ബിന്ദുലത ബി പി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി അൻവർരാജ് എം, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.രാജു എസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ആർ സല്യജ | ചെയർപേഴ്സൺ | 01-04-2019 | 31-03-2020 |
| ശ്രീ. കെ സുരേഷ് കുമാർ | സെക്രട്ടറി | 01-04-2019 | 25-06-2019 |
| ശ്രീ. കെ രാജേന്ദ്രൻ | സെക്രട്ടറി | 26-06-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സാം വിദ്യാനാഥ് | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീമതി ലക്ഷ്മി സി എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 17-07-2019 |
| ശ്രീ.ജ്യോതിഷ് എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 18-07-2019 | 31-03-2020 |
| ഡോ. ബി ഉണ്ണികൃഷ്ണൻ | അസിസ്റ്റന്റ് ഡയറക്ടർ ആന്റ് സൂപ്രണ്ട് താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് പാറശ്ശാല | 01-04-2019 | 31-03-2020 |
| ഡോ.ജവഹർ | മെഡിക്കൽ ഓഫീസർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ പൂവ്വാർ | 01-04-2019 | 31-03-2020 |
| ശ്രീമതി ജയറാണി | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | 01-04-2019 | 31-03-2020 |
| ഡോ. ശിവനേശഷൻ | സീനിയർ വെറ്റിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീ. വിൻസന്റ് കെ | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ.ബാബു വി എസ് | പട്ടികജാതി വികസന ഓഫീസർ | 01-04-2019 | 31-10-2019 |
| ശ്രീ. ബിജുകുമാർ പി | പട്ടികജാതി വികസന ഓഫീസർ | 01-11-2019 | 31-03-2020 |
| ശ്രീമതി.രമണി റോസ് | സി ഡി പി ഒ | 01-04-2019 | 31-07-2019 |
| ശ്രീമതി. രത്ന ബിന്ദു എസ് ആർ | സി ഡി പി ഒ | 01-08-2019 | 31-03-2020 |
| ശ്രീമതി. ശശികല | ക്ഷീര വികസന ഓഫീസർ | 01-04-2019 | 27-01-2020 |

| | | | |
|---|---|---|---|
| ശ്രീമതി. ശൈലജാദേവി | ക്ഷീര വികസന ഓഫീസർ | 28-01-2020 | 29-01-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Raju. S (Auditor, On 14-02-2022)<br>Last Updated By: Biji T (Computer Assistant, On 04-03-2022) | 1-1 |
| 2 | ബജറ്റിൽ വകയിരുത്തിയതിനെക്കാൾ കൂടുതൽ ചെലവഴിച്ചു.<br>Written By: Raju. S (Auditor, On 15-02-2022)<br>Last Updated By: Biji T (Computer Assistant, On 04-03-2022) | 1-1-1 |
| 3 | ബജറ്റ് രൂപീകരണം-നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.<br>Written By: Raju. S (Auditor, On 15-02-2022)<br>Last Updated By: Biji T (Computer Assistant, On 04-03-2022) | 1-1-2 |
| 4 | വാർഷിക ധനകാര്യപത്രിക<br>Written By: Raju. S (Auditor, On 14-02-2022)<br>Last Updated By: Biji T (Computer Assistant, On 04-03-2022) | 1-2 |
| 5 | വാർഷിക ധനകാര്യ പത്രിക-ന്യൂനതകൾ<br>Written By: Raju. S (Auditor, On 14-02-2022)<br>Last Updated By: Biji T (Computer Assistant, On 05-03-2022) | 1-2-1 |
| 6 | ഗ്രാന്റ് വിനിയോഗം<br>Written By: Raju. S (Auditor, On 15-02-2022)<br>Last Updated By: Biji T (Computer Assistant, On 05-03-2022) | 1-3 |
| 7 | പദ്ധതി അവലോകനം<br>Written By: Sosamma.S (Audit Officer, On 11-02-2022)<br>Last Updated By: Biji T (Computer Assistant, On 04-03-2022) | 1-4 |
| 8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Sosamma.S (Audit Officer, On 13-02-2022)<br>Last Updated By: Biji T (Computer Assistant, On 04-03-2022) | 1-5 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: Sosamma.S (Audit Officer, On 13-02-2022)<br>Last Updated By: Biji T (Computer Assistant, On 05-03-2022) | 1-6 |
| 10 | മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടിൻമേലുള്ള തുടർ നടപടി<br>Written By: Sosamma.S (Audit Officer, On 11-02-2022)<br>Last Updated By: Biji T (Computer Assistant, On 05-03-2022) | 1-7 |
| 11 | ജനപ്രതിനിധികൾക്ക് യാത്രാബത്ത നൽകൽ -നിയമാനുസൃതമല്ല.<br>Written By: Raju. S (Auditor, On 31-01-2022)<br>Last Updated By: Biji T (Computer Assistant, On 05-03-2022) | 1-8 |
| 12 | അംഗീകാരം നേടിയ പ്രോജക്ട് വഴി ചെലവ് ചെയ്യാതെ മറ്റൊരു ഹെഡിൽ നിന്നും തുക ചെലവഴിച്ചു<br>Written By: Raju. S (Auditor, On 31-01-2022)<br>Last Updated By: Biji T (Computer Assistant, On 05-03-2022) | 1-9 |
| 13 | കടമുറികളുടെ ലേലം -വാടകതുക രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.<br>Written By: Raju. S (Auditor, On 01-02-2022)<br>Last Updated By: Biji T (Computer Assistant, On 05-03-2022) | 1-10 |
| 14 | പദ്ധതി രൂപീകരണം മോണിറ്ററിംഗ് - ചെലവ് തുകയുടെ രേഖകൾ കൃത്യമായി സൂക്ഷിച്ചിട്ടില്ല<br>Written By: Sosamma.S (Audit Officer, On 11-02-2022)<br>Last Updated By: Biji T (Computer Assistant, On 05-03-2022) | 1-11 |
| 15 | ഭരണസമിതി തീരുമാനങ്ങളിൽ തുടർ നടപടികൾ ഉണ്ടാകുന്നില്ല<br>Written By: Sosamma.S (Audit Officer, On 11-02-2022)<br>Last Updated By: Biji T (Computer Assistant, On 05-03-2022) | 1-12 |
| 16 | ഐ.കെ.എം പ്രവർത്തന വിഹിതം - ധനവിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയില്ല- 100000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-13 |

| | | |
|---|---|---|
| | Written By: Sosamma.S (Audit Officer, On 11-02-2022)<br>Last Updated By: Biji T (Computer Assistant, On 05-03-2022) | |
| 17 | ജൈവ സമൃദ്ധി ( തരിശ് ഭൂമി കൃഷി ചെയ്യൽ )- പദ്ധതി ലക്ഷ്യം കണ്ടില്ല<br>Written By: Anwar Raj.M (Senior Grade Auditor, On 09-02-2022)<br>Last Updated By: Biji T (Computer Assistant, On 05-03-2022) | 1-14 |
| 18 | കേദാരം ( സമഗ്ര നെൽകൃഷി വികസനം )- പദ്ധതി ലക്ഷ്യം കൈവരിച്ചില്ല<br>Written By: Anwar Raj.M (Senior Grade Auditor, On 09-02-2022)<br>Last Updated By: Biji T (Computer Assistant, On 05-03-2022) | 1-15 |
| 19 | മിനിട്ട്സ് പുസ്തകത്തിലെ അപാകതകൾ<br>Written By: Anwar Raj.M (Senior Grade Auditor, On 11-02-2022)<br>Last Updated By: Biji T (Computer Assistant, On 05-03-2022) | 1-16 |
| 20 | പേപ്പർ ബാഗ് നിർമ്മാണ യൂണിറ്റ് അടഞ്ഞ് കിടക്കുന്നു<br>Written By: Anwar Raj.M (Senior Grade Auditor, On 09-02-2022)<br>Last Updated By: Biji T (Computer Assistant, On 05-03-2022) | 1-17 |
| 21 | ഖരമാലിന്യ സംസ്കരണം - പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>Written By: Sosamma.S (Audit Officer, On 11-02-2022)<br>Last Updated By: Biji T (Computer Assistant, On 05-03-2022) | 1-18 |
| 22 | മരുന്ന് ലഭ്യമായില്ല – 52791/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Sosamma.S (Audit Officer, On 11-02-2022)<br>Last Updated By: Biji T (Computer Assistant, On 05-03-2022) | 1-19 |
| 23 | മരാമത്ത് പ്രവൃത്തികളുടെ നിർവഹണത്തിലെ പൊതുവായ അപാകതകൾ<br>Written By: BINDHULATHA BP (Senior Grade Auditor, On 02-02-2022)<br>Last Updated By: Biji T (Computer Assistant, On 05-03-2022) | 1-20 |
| 24 | ഗുണഭോക്തൃ സമിതി നിർവഹിച്ച പദ്ധതികളിലെ അപാകതകൾ<br>Written By: BINDHULATHA BP (Senior Grade Auditor, On 02-02-2022)<br>Last Updated By: Biji T (Computer Assistant, On 05-03-2022) | 1-21 |
| 25 | കൈമാറികിട്ടിയിട്ടില്ലാത്ത സ്ഥാപനങ്ങളിൽ പ്രവൃത്തി നിർവഹിച്ചിരിക്കുന്നു.<br>Written By: BINDHULATHA BP (Senior Grade Auditor, On 02-02-2022)<br>Last Updated By: Biji T (Computer Assistant, On 05-03-2022) | 1-22 |
| 26 | എസ്റ്റിമേറ്റുകൾ പൂർണ്ണമായും ഭേദഗതിചെയ്ത് പ്രവൃത്തികൾ നിർവഹിക്കുന്നു.<br>Written By: BINDHULATHA BP (Senior Grade Auditor, On 02-02-2022)<br>Last Updated By: Biji T (Computer Assistant, On 05-03-2022) | 1-23 |
| 27 | പകൽ വീട് - 27.76 ലക്ഷം രൂപ ചെലവഴിച്ചിട്ടും പദ്ധതി ലക്ഷ്യം കൈവരിച്ചില്ല<br>Written By: BINDHULATHA BP (Senior Grade Auditor, On 02-02-2022)<br>Last Updated By: Biji T (Computer Assistant, On 05-03-2022) | 1-24 |
| 28 | പവർ ലോൻഡ്രി കെട്ടിടം പ്രവർത്തനക്ഷമമാക്കിയിട്ടില്ല<br>Written By: BINDHULATHA BP (Senior Grade Auditor, On 02-02-2022)<br>Last Updated By: Biji T (Computer Assistant, On 05-03-2022) | 1-25 |
| 29 | വയോമിത്രം പദ്ധതി പൂർണ്ണമായി നടപ്പാക്കിയില്ല<br>Written By: Sosamma.S (Audit Officer, On 11-02-2022)<br>Last Updated By: Biji T (Computer Assistant, On 05-03-2022) | 1-26 |
| 30 | ലൈഫ് ഭവന പദ്ധതി വിഹിതം നൽകൽ - ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല – 11817990/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.<br>Written By: Sosamma.S (Audit Officer, On 11-02-2022)<br>Last Updated By: Biji T (Computer Assistant, On 05-03-2022) | 1-27 |
| 31 | ക്ഷീര സമൃദ്ധി-വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല<br>Written By: Anwar Raj.M (Senior Grade Auditor, On 13-02-2022)<br>Last Updated By: Biji T (Computer Assistant, On 05-03-2022) | 1-28 |
| 32 | പൂർത്തീകരിക്കാത്ത വീടുകളുടെ പൂർത്തീകരണം -രജിസ്റ്ററിൽ പദ്ധതി വിഹിതം കൈപ്പറ്റിയതിന്റെ വിവരങ്ങൾ ഇല്ല<br>Written By: Anwar Raj.M (Senior Grade Auditor, On 13-02-2022)<br>Last Updated By: Biji T (Computer Assistant, On 05-03-2022) | 1-29 |
| 33 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം ചെലവ് രേഖയിൽ | 1-30 |

| | | |
|---|---|---|
| | ഉൾപ്പെടുത്തിയിട്ടില്ല.<br>Written By: Raju. S (Auditor, On 16-02-2022)<br>Last Updated By: Biji T (Computer Assistant, On 05-03-2022) | |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Rajeevan Chellan (Office Superintendent, On 22-02-2022)<br>Last Updated By: Biji T (Computer Assistant, On 05-03-2022) | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sosamma.S (Audit Officer, On 21-02-2022)<br>Last Updated By: Biji T (Computer Assistant, On 05-03-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Sosamma.S (Audit Officer, On 13-02-2022)<br>Last Updated By: Sosamma.S (Audit Officer, On 13-02-2022) | 4-3 |
| 4 | വായ്പ/വായ്പാ തിരിച്ചടവ് (ബ്ലോക്ക് പഞ്ചായത്ത് ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റെ് പ്രകാരം)<br>Written By: Rajeevan Chellan (Office Superintendent, On 22-02-2022)<br>Last Updated By: Biji T (Computer Assistant, On 05-03-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Sosamma.S (Audit Officer, On 13-02-2022)<br>Last Updated By: Biji T (Computer Assistant, On 05-03-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Sosamma.S (Audit Officer, On 13-02-2022)<br>Last Updated By: Biji T (Computer Assistant, On 05-03-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട് ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Sosamma.S (Audit Officer, On 13-02-2022)<br>Last Updated By: Biji T (Computer Assistant, On 05-03-2022) | 4-7 |
| 8 | ചാർജ് സർചാർജ് നടപടികളുടെ വിവരം<br>Written By: Sosamma.S (Audit Officer, On 13-02-2022)<br>Last Updated By: Biji T (Computer Assistant, On 05-03-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Rajeevan Chellan (Office Superintendent, On 22-02-2022)<br>Last Updated By: Biji T (Computer Assistant, On 05-03-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട്<br>Written By: Rajeevan Chellan (Office Superintendent, On 22-02-2022)<br>Last Updated By: Shiela Ubald (Joint Director, On 05-03-2022) | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

ബ്ലോക്ക്പഞ്ചായത്തിന്റെ 2019-20 സാമ്പത്തിക വർഷത്തെ ബജറ്റ് 01.03.2019 ലെ ജനറൽ കമ്മിറ്റി സാധാരണയോഗം 1(1)-ാം നമ്പർ തീരുമാനപ്രകാരം അഗീകരിച്ചു.

ബജറ്റ് പ്രകാരം പ്രതീക്ഷിത വരവ് - ചെലവുകൾ ചുവടെപ്പറയും പ്രകാരമാണ്.

| | |
|---|---|
| മുന്നിരിപ്പ് | * |
| പ്രതീക്ഷിത വരവ് | 1848390000 |
| ആകെ | 1848390000 |
| പ്രതീക്ഷിത ചെലവ് | 1847190000 |
| നീക്കിയിരിപ്പ് | 1200000/- |

* 2018-19-സാമ്പത്തിക വർഷത്തെ മുന്നിരിപ്പ് ബഡ്ജറ്റിൽ ചേർത്തിട്ടില്ല.

## 1-1-1 ബജറ്റിൽ വകയിരുത്തിയതിനെക്കാൾ കൂടുതൽ ചെലവഴിച്ചു.

| ക്രമനമ്പർ | ഹെഡ് ,ഇനം | വകയിരുത്തിയ തുക | ചെലവായ തുക |
|---|---|---|---|
| 1 | 2304001, ഹയർ ചാർജസ് | 30000/- | 488830/- |
| 2 | 2102004,മെമ്പർമാരുടെസിറ്റിംഗ് ഫീസ് | 59000/- | 61800/- |
| 3 | 4104001,കടിവെള്ള സ്രോതസ്സ്,അനുബന്ധ നിർമ്മിതികൾ | 0 | 663789/- |
| 4 | 4108001,മറ്റ്സ്ഥിരആസ്തികൾ-പരിപാലം | 0 | 46930/- |
| 5 | 4107101,ജംഗമസ്വത്തുക്കളുടെ പരിപാലനം | 0 | 415083/- |

## 1-1-2 ബജറ്റ് രൂപീകരണം-നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

തദ്ദേശ സ്ഥാപനത്തിന്റെ ബജറ്റ് ശുപാർശ, രൂപീകരണം എന്നിവ ഉൾപ്പെട്ട 2019-20 വർഷത്തെ ബജറ്റ് ഫയൽ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്ത് രാജ് നിയമത്തിലെ 214(6) വകുപ്പ് പ്രകാരം അനിവാര്യമായ ഒരു അടിയന്തിര സാഹചര്യത്തിലൊഴികെ ചെലവ് ചെയ്യുന്ന സമയത്ത് ബജറ്റ് എസ്റ്റിമേറ്റിൽ ഉൾപ്പടുത്തിയിട്ടില്ലാത്ത യാതൊരു തുകയും തദ്ദേശസ്ഥാപനമോ അഥവാ തദ്ദേശസ്ഥാപനത്തിന് വേണ്ടിയോ ചെലവഴിക്കാൻ പാടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മാത്രമല്ല 214(8) വകുപ്പ് പ്രകാരം ബജറ്റിൽ വകയിരുത്തിയതിൽ കവിഞ്ഞ് തുക ചെലവഴിക്കാൻ പാടില്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടം 72,73,74 പ്രകാരം ബജറ്റിൽ നിർദ്ദേശിച്ചിട്ടില്ലാത്തതോ ബജറ്റിൽ നിർദ്ദേശിച്ചതിൽ കൂടുതലോ ആയ ചെലവ് ചെയ്യേണ്ടി വരികയാണെങ്കിൽ അത്തരം ചെലവ് ചെയ്യുന്നതിന് മുമ്പ് അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ പഞ്ചായത്ത് അംഗീകരിക്കേണ്ടതാണ്. ആക്ടിലെ 214(5) -ാം വകുപ്പിലെ വ്യവസ്ഥകൾ അനുസരിച്ച് ഏതെങ്കിലും ഒരു ചെലവ് ചെയ്യേണ്ടി വന്നാൽ തൊട്ടടുത്ത് ചേരുന്ന തദ്ദേശസ്ഥാപനത്തിന്റെ യോഗത്തിൽ അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതാണ്. എന്നാൽ അപ്രകാരം ഒരു അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ അവതരിപ്പിച്ച് അംഗീകാരം നേടിയതായുള്ള രേഖ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല. Function- 'Functionary Base -ന്റെ അടിസ്ഥാനത്തിലല്ല ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. ആയതിനാൽ എ.എഫ്.എസുമായി താരതമ്യ പഠനം നടത്തുന്നതിന് സാധ്യമായിട്ടില്ല. കൂടാതെ വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ട താഴെപ്പറയുന്ന പ്രധാന രേഖകളും ലഭ്യമാക്കിയിട്ടില്ല.

എ) ബജറ്റ് പ്രസംഗം

ബി) ബജറ്റ് കുറിപ്പുകൾ

സി) ബജറ്റ് പത്രികകളും ബജറ്റ് ഷെഡ്യൂളുകളും

ഡി) പെർഫോമൻസ് ബജറ്റ്

തദ്ദേശഭരണസ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള കൈമാറിക്കിട്ടിയ സ്ഥാപന മേധാവികൾ ഒരു വർഷത്തേക്കുള്ള കണ്ടിജൻസി ചെലവുകൾ (കറണ്ട് ചാർജ്, വാട്ടർ ചാർജ്, വാടക, കൺസ്യൂമബിൾസ്, സ്റ്റേഷനറി, പോസ്റ്റേജ്, ടെലഫോൺ, ഇന്റർനെറ്റ്, ചാർജ്) ഉടങ്ങിയ ഓഫീസ് ചെലവുകളുടെ ആവശ്യകത പട്ടിക രൂപത്തിൽ തയ്യാറാക്കിയത് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വരും വർഷങ്ങളിൽ നടപടിക്രമങ്ങൾ പൂർണമായും പാലിച്ചുമാത്രം ബജറ്റ് തയ്യാറാക്കപ്പെടുന്നുവെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തിയതി | ലഭിച്ച തിയതി |
|---|---|
| 31-7-2020 | 25-6-2020 |

## 1-2-1 വാർഷിക ധനകാര്യ പത്രിക-ന്യൂനതകൾ

2019-20 വർഷത്തെ ഓഡിറ്റിനായി സമർപ്പിച്ച A.F.Sഉം അനുബന്ധരജിസ്റ്ററുകളും പരിശോധിച്ചതിൽ ചുവടെ വിവരിക്കുന്ന അപാകങ്ങൾ കണ്ടെത്തി.

1. എ.എഫ്.എസ് പ്രകാരം ഡിപ്രിസിയേഷൻ I-17(a) 7873705/-രൂപയാണ്. എന്നാൽ ആയതിന്റെ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയില്ല.
2. മുൻവർഷ ബാലൻസ് ഷീറ്റിലെ B5 പ്രകാരം തിരിച്ച് അടവാക്കാനുള്ള വായ്പ തുക 7436315/- ആണ്. പ്രസ്തുത തുക എതൊക്കെ വായ്പകൾ പ്രകാരമുള്ളതാണെന്ന് വിവരം വ്യക്തമല്ല. തൻവർഷം വായ്പ തിരിച്ചടവാക്കാത്തതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല. വായ്പാകളുടെ നാളിഉവരെയുള്ള സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയില്ല. ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടറുടെ A5-547/2019/PAU (തീയതി-12-4-19) ഉത്തരവ്പ്രകാരം EMS ഭവനപദ്ധതി വായ്പാ അക്കൌണ്ടുകൾ ക്ലോസ് ചെയ്യാൻ നിർദ്ദേശിച്ചിരുന്നു. പ്രസ്തുത നിർദ്ദേശം പാലിച്ചതിനുള്ള രേഖകൾ ലഭ്യമായില്ല. വായ്പാ രജിസ്റ്ററിൽ വിശദാംശങ്ങൾ രേഖപ്പെടുത്തി സ്ഥാപനതലവൻ ഒപ്പ് വച്ചിട്ടില്ല.
3. 2018-19-ലെ Supplier's Security Deposits B7-ൽ നീക്കിയിരിപ്പ് 43106/-രൂപയാണ്. തൻവർഷം നൽകിയത് 9256/-(RP-34)ആണ്. തൻവർഷ നിക്കീയിരിപ്പ് 33850/-(B-7തൻവർഷം) ആണ്. ഇവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.
4. B11a പ്രകാരം Capital Work In Progress പൂജ്യം ആണ്. എന്നാൽ AE യുടെ സ്റ്റേറ്റ്മെന്റ് പ്രകാരം ഇത് 8365540 /- രൂപയാണ്.
5. തൻവർഷ B11 - മുൻവർഷ B11 എന്നത് തൻവർഷം സൃഷ്ടിച്ച ആസ്തിയുമായി പൊരുത്തപ്പെടുന്നില്ല.
6.അക്കൌണ്ട് നം.6000972937(Indian Bank പാറശ്ശാല) (SECC)സ്റ്റേറ്റ്മെന്റ് പ്രകാരം OB- 70988/-രൂപയും CB 73512/-രൂപയുമാണ്. എന്നാൽ ഈ അക്കൌണ്ട് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.
7.Indian Bank A/C നമ്പർ 536236539-ൽ ( മിസലേനിയസ് ) 13-3-2020-ാം തിയതി Deposit By Self ആയി 17550/-രൂപ നിക്ഷേപിച്ചത് ഏത് ഇനത്തിലാണെന്ന് ബോധ്യപ്പെടുത്തിയിട്ടില്ല. വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 18/13.1.22) മറുപടി ലഭ്യമാക്കിയില്ല. മറുപടി ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

## 1-3 ഗ്രാന്റ് വിനിയോഗം

2019-20 വർഷത്തിൽ എ.സി.ആർ പ്രകാരം പ്ലാൻഫണ്ട് ലഭിച്ചതിന്റെയും ചെലവഴിച്ചതിന്റെയും നീക്കിയിരിപ്പ് വിശദാംശം ചുവടെ ചേർക്കുന്നു.

| ഗ്രാന്റ് | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|
| വികസനഫണ്ട്(ജനറൽ) | 55779000 | 37903702 | 17875298 |
| വികസനഫണ്ട്( SCP) | 14915000 | 9404079 | 5510921 |
| വികസനഫണ്ട്(TSP) | 284000 | 189400 | 94600 |
| മെയിന്റനൻസ് ഫണ്ട് റോഡിതരം | 7284000 | 7222483 | 61517 |

വാർഷിക ധനകാര്യപത്രിക പ്രകാരം വിവിധ ഗ്രാന്റുകളുടെ നീക്കിയിരിപ്പ് വിവരം ചുവടെ ചേർക്കുന്നു.

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| SGSY | 97072 | 3384 | 100456 | 0 | 100456 |
| 1WDP | 333763 | 10762 | 344525 | 0 | 344525 |
| IAY (General) | 7822381 | 0 | 7822381 | 0 | 7822381 |
| IAY (SCP) | 213113 | 0 | 213113 | 0 | 213113 |
| Head(320300199 Grants) | 0 | 510162 | 510162 | 510162 | 0 |
| Total Sanitation | 0 | 4742 | 4742 | 0 | 4742 |
| കേരളോത്സവം | 0 | 60000 | 60000 | 0 | 60000 |

മേൽ വിവരിക്കും പ്രകാരം ലഭിച്ച ഗ്രാന്റുകൾ പൂർണമായി ഉപയോഗപ്പെടുത്തുവാൻ തദ്ദേശസ്ഥാപനത്തിന് സാധിച്ചിട്ടില്ല. കൃത്യമായ പ്രോജക്ടുകൾ പ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലെ തദ്ദേശസ്ഥാപനങ്ങളുടെ ഭൗതിക വികസനത്തിന് ലഭ്യമാകുന്ന ഗ്രാന്റ് പൂർണ്ണമായും ഉപയോഗിക്കുന്നതിന് ഭരണസമിതി ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-4 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 113 | 96058010 | 75 | 54719664 | - | 38 | 66 |

അംഗീകാരം ലഭിച്ച പദ്ധതികളിൽ 68 ശതമാനം മാത്രം നടപ്പാക്കിയെങ്കിലും അടങ്കൽ തുകയുടെ 56 ശതമാനം മാത്രമേ വിനിയോഗിക്കാൻ സാധിച്ചിട്ടുള്ളൂ. 54 ശതമാനം തുക വിനിയോഗിക്കാത്തതിന്റെ കാരണങ്ങളും സാഹചര്യവും വിശദീകരിക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല.

## 1-5 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25.10.2019 | 2018-19 | ലഭ്യമായില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 7.6.2017 | 2016-17 | ലഭ്യമായില്ല |

## 1-6 ആഭ്യന്തരനിയന്ത്രണം

വികസനത്തിന്റെ ഭാഗമായി നടപ്പാക്കുന്ന പദ്ധതികളുടെ ലക്ഷ്യം കൈവരിക്കുന്നതിന് തുടർ നടപടികൾ ഏകോപ്പിച്ച് നിരീക്ഷിക്കുന്നതിനുള്ള ശ്രമം ഉണ്ടാകുന്നില്ല.

നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കുന്ന പദ്ധതികളുടെ അവലോകനവും ഫലപ്രാപ്തിയും നിരീക്ഷിക്കപ്പെടുന്നില്ല.

നിർവ്വഹണ ഉദ്യോഗസ്ഥരുടെ അധികാര പരിധിയിൽ ഉൾപ്പെടാത്ത പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കുന്ന പ്രവണത നിലനിൽക്കുന്നു.

പൊതു ചെലവുകളുമായി ബന്ധപ്പെട്ട വൗച്ചറുകൾ നമ്പരിട്ട് സൂക്ഷിക്കുന്നില്ല. സാംഖ്യ പേയ്മെന്റ് വൗച്ചറുകളും സൂക്ഷിക്കുന്നില്ല. ഭവന നിർമ്മാണ പദ്ധതികളുടെ വരവ് ചെലവ് കണക്കുകൾ കൃത്യമായി അക്കൗണ്ട് ചെയ്യപ്പെടുന്നില്ല. ചെലവുമായി ബന്ധപ്പെട്ട അനുബന്ധ രേഖകൾ കൃത്യമായി പരിപാലിക്കുന്നതിലും അപാകതകൾ നിലനിൽക്കുന്നു.

## 1-7 മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടിൻമേലുള്ള തുടർ നടപടി

2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന പരാമർശങ്ങളിൽ സ്വീകരിച്ച തുടർ നടപടികൾ അറിയിക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം. 17 തീയതി : 13.01.2022) മറുപടി ലഭ്യമാക്കിയില്ല. ഓഡിറ്റ് റിപ്പോർട്ട് തീർപ്പാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ച്

അറിയിക്കേണ്ടതാണ്.

2013-14 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.13 പ്രകാരമുള്ള പരാമർശത്തിന് കൈരളി ഗ്രന്ഥശാല നിലവിൽ പ്രവർത്തനക്ഷമമാണെന്നും പദ്ധതി പ്രകാരം വാങ്ങി നൽകിയ കമ്പ്യൂട്ടർ ഉപകരണങ്ങൾ ഉപയോഗപ്രദമാക്കിയിട്ടുണ്ടെന്നും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിരുന്നു. പ്രാദേശികപരിശോധനാ വേളയിൽ ലൈബ്രറി കെട്ടിടം പൂട്ടി കിടക്കുന്നതായും, ജനൽ പാളികൾ പൊട്ടിയ നിലയിലും കണ്ടു. കെട്ടിടത്തിനുള്ളിൽ പുസ്തകങ്ങളോ, കമ്പ്യൂട്ടർ ഉപകരണങ്ങളോ സൂക്ഷിച്ചിട്ടില്ല. പ്രവർത്തനമില്ലാത്ത സ്ഥാപനം പ്രവർത്തിക്കുന്ന എന്ന നിലയിൽ മറുപടി നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-8 ജനപ്രതിനിധികൾക്ക് യാത്രാബത്ത നൽകൽ -നിയമാനുസൃതമല്ല.

ജനപ്രതിനിധികളുടെ യാത്രാബത്ത അനുവദിക്കുന്നതിൽ 1995 ലെ കേരള പഞ്ചായത്ത് രാജ് (ജനപ്രതിനിധികൾക്കുള്ള ഓണറേറിയവും ബത്തകളും) ചട്ടങ്ങൾ ചട്ടം 7 പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കുന്നില്ല. മേൽ ചട്ടങ്ങൾ പ്രകാരം ജനപ്രതിനിധികൾക്ക് ഭരണസമിതിയുടെ അംഗീകാരത്തോടുകൂടിയ തദ്ദേശ സ്ഥാപനത്തിന്റെ കാര്യങ്ങൾക്കായുള്ള യാത്രകൾക്കും, സർക്കാർ അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ വിളിച്ചുകൂട്ടുന്ന യോഗങ്ങൾക്കും, പരിശീലനങ്ങൾക്കും മാത്രമാണ് യാത്രാബത്തയ്ക്ക് അർഹതയുള്ളത്. പഞ്ചായത്ത് കമ്മിറ്റി അംഗങ്ങൾക്ക് യോഗങ്ങളിൽ പങ്കെടുക്കാൻ ദിനബത്ത ഒഴിച്ചുള്ള യാത്രാബത്തയ്ക്ക് അർഹത ഉണ്ടായിരിക്കുമെന്ന് 14/12/98 ലെ നം.20223/P3/98/തസ്വഭവ സർക്കുലറിൽ പരാമർശിച്ചിട്ടുണ്ട്. പഞ്ചായത്ത് ആസ്ഥാനത്തു നിന്നും എട്ടു കിലോമീറ്ററിനകം ദൂരമുള്ള ഒരു സ്ഥലത്തുനിന്നോ, അല്ലെങ്കിൽ അങ്ങനെയുള്ള സ്ഥലത്തേക്കോ നടത്തിയ യാത്രകൾക്കും യാത്രാപ്പടിക്ക് അർഹത ഉണ്ടായിരിക്കുന്നതല്ല.

ബ്ലോക്ക് പഞ്ചായത്തിലെ യാത്രകൾ തദ്ദേശ സ്ഥാപനത്തിന്റെ ആവശ്യങ്ങൾക്കാണെന്ന് വ്യക്തമാക്കി ഭരണസമിതി യാത്രയ്ക്ക് അനുമതി നൽകി കാണുന്നില്ല. 2019-2020 വർഷത്തിൽ റ്റി.എ.ഡയറികൾ പരിശോധിച്ചതിൽ ചട്ടങ്ങൾ പാലിക്കാതെ ജനപ്രതിനിധികൾക്ക് യാത്രാ ബത്ത അനുവദിച്ചതിൽ ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | തിയതി | യാത്രയുടെ ആവശ്യം | അനുവദിച്ച തുക |
|---|---|---|---|
| 1 | 12-4-2019 | ജനന രജിസ്ട്രേഷൻ | 250/- |
| 2 | 22-4-2019 | കനാലിന്റെ ആവശ്യം | „ |
| 3 | 16-5-2019 | റേഷൻകാർഡിറ്റിന്റെ ആവശ്യം | „ |
| 4 | 16-6-2019 | ജനനരജിസ്ട്രേഷൻ | „ |
| 5 | 9-9-2019 | പട്ടയം കിട്ടാൽ | „ |
| 6 | 3-10-2019 | വിവാഹരജിസ്ട്രേഷൻ | „ |
| 7 | 13-11-2019 | റേഷൻകാർഡിന്റെ ആവശ്യം | „ |
| 8 | 31-5-2019 | താലൂക്ക് ആഫീസ് | „ |
| 9 | 21-6-2019 | ബ്ലോക്ക് ആഫീസ് പാറശ്ശാല | „ |
| 10 | 19-8-2019 | താലൂക്ക് ആഫീസ് നെയ്യാറ്റിൻകര | „ |
| 11 | 23-9-2019 | ബ്ലോക്ക് ആഫീസ് പാറശ്ശാല | „ |
| 12 | 30-9-2019 | ചികിത്സാ ധനസഹായം സെക്രട്ടറിയേറ്റ്. | „ |
| 13 | 9-10-2019 | താലൂക്ക് ആഫീസ് നെയ്യാറ്റിൻകര | „ |
| 14 | 14-6-2019 | ചിക്തസാധനസഹായം,സെക്രട്ടറിയേറ്റ് | „ |
| 15 | 6-9-2019 | താലൂക്ക് ആഫീസ് നെയ്യാറ്റിൻകര | „ |

| | | | |
|---|---|---|---|
| 16 | 6-4-2019 | റേഷൻകാർഡ് കളക്ടേറ്റ്. തിരുവനന്തപുരം | ,, |
| 17 | 10-5-2019 | B.P.L കാർഡ് കളക്ടേറ്റ്. തിരുവനന്തപുരം | ,, |
| 18 | 24-5-2019 | ചിക്ത്സാ ധനസഹായം,സെക്രട്ടറിയേറ്റ്. | ,, |
| 19 | 18-6-2019 | B.P.L കാർഡ് കളക്ടേറ്റ്. തിരുവനന്തപുരം | ,, |
| 20 | 26-6-2019 | ചിക്ത്സാ ധനസഹായം,സെക്രട്ടറിയേറ്റ്. | ,, |

മേൽ വിവരിച്ച ഉദാഹരണങ്ങൾ പരിശോധിച്ചതിൽ നിന്നും യാത്രാ ആവശ്യങ്ങൾ തികച്ചും സ്വകാര്യ ആവശ്യങ്ങൾക്ക് ആണെന്ന് വ്യക്തമാകുന്നു. കൂടാതെ മേൽ യാത്രകൾ നടത്താൻ ജനറൽ കമ്മിറ്റി ബന്ധപ്പെട്ട അംഗങ്ങളെ ചുമലതപ്പെടുത്തിയന്റെ രേഖകളോ, അപാകങ്ങൾ ചൂണ്ടിക്കാണിച്ച് നൽകിയ അന്വേഷണ കുറിപ്പ് 23/ 2022- ന് മറുപടിയോ ലഭ്യമാക്കിയില്ല. യാത്രാ ബത്ത അനുവദിക്കുമ്പോൾ യാത്രകൾ തദ്ദേശസ്ഥാപനത്തിന്റെ ആവശ്യങ്ങൾക്കാണെന്ന് ഭരണസമിതി അനുമതി നൽകി നിയമാനുസൃതമാണെന്ന് ഉറപ്പുവരുത്താതെ യാത്രാബത്ത അനുവദിക്കുന്നത് സെക്രട്ടറിയുടെ ബാധ്യതയായി മാറുന്നതാണ്.

## 1-9 അംഗീകാരം നേടിയ പ്രോജക്ട് വഴി ചെലവ് ചെയ്യാതെ മറ്റൊരു ഹെഡിൽ നിന്നും തുക ചെലവഴിച്ചു

2019-20 വർഷത്തിലെ കേരളോത്സവത്തിനായി 3/2020 എന്ന നമ്പരായുള്ള പ്രോജക്ടിന് സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി അംഗീകാരം നേടിയിട്ടുണ്ട്. ചെലവ് വിവര പത്രിക പ്രകാരം പദ്ധതി നടപ്പിലാക്കിയിട്ടില്ലാത്തതും വാർഷിക ധനകാര്യപത്രികയിൽ 220800101 എന്ന ഹെഡിൽ (കേരളോത്സവം) 160000/-രൂപ ചെലവായതായും രേഖപ്പെടുത്തിയിരിക്കുന്നു. 160000/-രൂപയുടെ ചെലവ് വിവരങ്ങൾ ആരാഞ്ഞ് നൽകിയ അന്വേഷണകുറിപ്പ് 29/2022- ന് മറുപടി ലഭ്യമാക്കിയില്ല. കൃത്യമായ മറുപടി ഓഡിറ്റ് റിപ്പോർട്ട് ലഭിച്ച് 2 മാസത്തിനകം ലഭ്യമാക്കേണ്ടതാണ്. അംഗീകാരം നേടുന്ന പദ്ധതികൾ നടപ്പിലാക്കുമ്പോൾ അക്കൗണ്ട്സ് ചട്ടങ്ങൾ കൃത്യമായി പാലിക്കാനും ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## 1-10 കടമുറികളുടെ ലേലം -വാടകതുക രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

2019- 20 വർഷത്തിൽ ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 4 കെട്ടിടങ്ങൾ വാടകയ്ക്ക് നൽകിയിട്ടുണ്ടെന്നും വാടകയിനത്തിൽ കുടിശ്ശികയുള്ളതായും രജിസ്റ്റർ പരിശോധനയിൽ കണ്ടെത്തി. ബ്ലോക്ക് പഞ്ചായത്ത് വാടകയ്ക്ക് നൽകിയ കെട്ടിടങ്ങളിൽ നിന്നുമുള്ള വാടക വരവ് വാർഷികധനകാര്യപത്രിക പ്രകാരം (RP43) 27510/-രൂപയാണ്. എന്നാൽ വാടകരജിസ്റ്റർ പ്രകാരം അടവാക്കിയ തുക 18800/-രൂയാണ്. ബാലൻസ് ഷീറ്റ്(B15) പ്രകാരം 14600/-രൂപയുമാണ്. ഇപ്രകാരം കണക്കുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല. കൂടാതെ വാടകകുടിശ്ശികയായി 3760/-രൂപ ലഭിച്ചതിന്റെ വിവരം രജിസ്റ്റർ പരിശോധനയിൽ കണ്ടെത്താൻ സാധിച്ചിട്ടില്ല. കുടിശ്ശിക തുക പിരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും, പിരിച്ചെടുത്തിട്ടില്ലായെങ്കിൽ ആയതിനുള്ള വിശദീകരണവും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പ് 14/2022 -ന് ലഭ്യമാക്കിയ മറുപടിയിൽ വാടകയ്ക്ക് നൽകിയ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പ്രസ് ക്ലബ് വാടക കുടിശ്ശിക വരുത്തിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. കൂടാതെ, പ്രസ്തുത കെട്ടിടങ്ങൾ പൊതുലേലത്തിൽ വച്ചിട്ടില്ലായെന്നും ഓരോ വർഷവും വാടകയിൽ 5%വർദ്ധനവ് വരുത്തുന്നുവെന്നും അറിയിച്ചു. വാടക കുടിശ്ശിക കൃത്യമായും പിരിച്ചെടുക്കുവാനും കടമുറികൾ പൊതുലേലം വഴി നൽകാനും ഭരണസമിതി നടപടി സ്വീകരിക്കേണ്ടതാണ്.

## 1-11 പദ്ധതി രൂപീകരണം മോണിറ്ററിംഗ് - ചെലവ് തുകയുടെ രേഖകൾ കൃത്യമായി സൂക്ഷിച്ചിട്ടില്ല

പദ്ധതി രൂപീകരണം, മോണിറ്ററിംഗ് എന്നിവയ്ക്കായി തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച തുക റീക്രൂപ്പ് ചെയ്യുന്നതിനായി പദ്ധതി അംഗീകരിച്ച് നടപ്പാക്കി (2/20). പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

(എ) പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട യാത്രകൾക്ക് 4/19 മുതൽ 3/20 വരെ കാലയളവിൽ ഔദ്യോഗിക വാഹനത്തിൽ യാത്ര ചെയ്തതിന് സെക്രട്ടറിയ്ക്ക് 4480/- രൂപ നൽകിട്ടുണ്ട്. യാത്രാ പരിപാടികളും യാത്രാ ബില്ലും മേലധികാരി അംഗീകരിച്ചിട്ടില്ല.

(ബി) പ്രിന്റ് പാലസ് എന്ന സ്ഥാപനത്തിന് പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട പ്രിന്റിംഗ് ജോലികൾക്ക് അഞ്ച് ബില്ലുകളിലായി 85600/- നൽകി. പ്രിന്റിംഗ് ജോലികൾക്കായി ക്വട്ടേഷൻ ക്ഷിണിച്ചതിന്റെ രേഖകൾ

ഹാജരാക്കുന്നതിന് 13.01.2022 ൽ ഓഡിറ്റ് അന്വേഷണം നം. 10 മുഖാന്തിരം ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല.

(സി) 85/20-ാം നമ്പർ പദ്ധതി പ്രകാരം മോണിറ്ററിംഗിനായി നടത്തിയ യാത്രകൾക്ക് യാത്രാ ബത്ത നൽകുന്നതിന് 148340/- ചെലവഴിച്ചു. ആയതിന് വാഹനം വാടകയ്ക്ക് എടുത്ത് മോണിറ്ററിംഗ് നിർവ്വഹിച്ചതായി കാണുന്നു. എന്നാൽ ബിൽ നം 1/20 30.4.2019 പ്രകാരം മാറിയ 55320/- രൂപ വാഹനത്തിന്റെ ഡ്രൈവർക്ക് കൊടുക്കാതെ ജനപ്രതിനിധികൾക്ക് നൽകിയിരിക്കുന്നു. വാഹനം വാടകയ്ക്ക് എടുത്തതിന്റെ രേഖകളും ലഭ്യമാക്കിയില്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 1-12 ഭരണസമിതി തീരുമാനങ്ങളിൽ തുടർ നടപടികൾ ഉണ്ടാകുന്നില്ല

ഓഡിറ്റ് കാലയളവിൽ ബ്ലോക്ക് പഞ്ചായത്തിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ചുവടെ ചേർത്തിരിക്കുന്ന പ്രകാരം ഭരണസമിതി തീരുമാനങ്ങൾ എടുത്തിരുന്നു.

| ക്രമ നം | തീയതി | തീരുമാനം നം | തീരുമാനം | ഓഡിറ്റ് ആവശ്യപ്പെട്ട വിവരം |
|---|---|---|---|---|
| 1 | 27.4.2019 | II (3),(4) | ലോക പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി പൂവ്വാർ പഞ്ചായത്തിലെ പനിച്ചിമൂട്കുളം കാവ് ഏറ്റെടുത്ത് നടത്തുന്നതിന് തീരുമാനം | പനിച്ചിമൂട് കുളം കാവ് ഏറ്റെടുത്ത് പുനരുദ്ധാരണ പ്രവൃത്തികൾ നടപ്പാക്കിയതിന്റെ വിവരം |
| 2 | 30.7.2019 | IV(1) | പുതിയ പകൽ വീട് മന്ദിരത്തിന്റെ മുമ്പിലുള്ള മരം മുറിച്ച് മാറ്റി ലേല നടപടികൾ സ്വീകരിക്കുക. | ലേല നടപടികൾ സ്വീകരിച്ചതിന്റെയും, ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള പകൽ വീടുകളുടെ പ്രവർത്തന റിപ്പോർട്ടും |
| 3 | 30.7.2019 | IV (2) | IKM വികസിപ്പിച്ച സൂചിക സോഫ്റ്റ് വെയർ ഉദ്ഘാടനം ചെയ്തു. | ഫയൽ നടപടികൾ സൂചിക സംവിധാനത്തിൽ നടപ്പാക്കുന്നതിന്റെ വിവരം. |
| 4 | 20.11.2019 | II (1) | 2017-18 ൽ ആരംഭിച്ച പേപ്പർ ബാഗ് യൂണിറ്റിന്റെ പ്രവർത്തനം നിലച്ച അവസ്ഥയാണെന്നും ഇതിനുള്ള കാരണം യന്ത്രം സ്ഥാപിച്ച സ്ഥാപനത്തോടും നിർവ്വഹണ ഉദ്യോഗസ്ഥനോടും ആവശ്യപ്പെടാൻ സെക്രട്ടറിയ്ക്ക് ചുമതല | പേപ്പർ ബാഗ് യൂണിറ്റിന്റെ നിലവിലെ പ്രവർത്തന റിപ്പോർട്ട് |

മേൽ തീരുമാനങ്ങളിൽ സ്വീകരിച്ച തുടർ നടപടികൾ അറിയിക്കുന്നതിന് 13.01.2022 തീയതിയിൽ നൽകിയ ഓഡിറ്റ് അന്വേഷണം നം. 11 ന് മറുപടി ലഭ്യമാക്കിയില്ല. ജനക്ഷേമകരമായ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് എടുത്ത തീരുമാനങ്ങളുടെ തുടർ നടപടികളും ലക്ഷ്യപ്രാപ്തിയും സംബന്ധിച്ച വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-13 ഐ.കെ.എം പ്രവർത്തന വിഹിതം - ധനവിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയില്ല- 100000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

ഐ.കെ.എം ന് പ്രവർത്തന വിഹിതമായി കുടിശ്ശിക ഉൾപ്പെടെ 100000/-രൂപ പ്രോജക്ട് നം 4/20 പ്രകാരം വികസനഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്. (ബിൽ നം 35/19-20, 15.11.2019 70978/-രൂപ, 52/19-20 2.3.2020 29022/-രൂപ). ധനവിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കുന്നതുവരെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 1-14 ജൈവ സമൃദ്ധി ( തരിശ് ഭൂമി കൃഷി ചെയ്യൽ )- പദ്ധതി ലക്ഷ്യം കണ്ടില്ല

പദ്ധതി നമ്പർ : 22

പദ്ധതിയുടെ പേര് : ജൈവ സമൃദ്ധി ( തരിശു ഭൂമി കൃഷി ചെയ്യൽ)

അടങ്കൽ തുക :2,00,000/-

ചെലവ് തുക :52,500/-
നിർവ്വഹണം:കൃഷി അസിസ്റ്റന്റ് ഡയറക്ടർ

26.60 ഹെക്ടർ തരിശ് ഭൂമി കൃഷി ചെയ്ത് 533 ടൺ അധിക ഉല്പാദനം ലക്ഷ്യമിട്ട് ആവിഷ്കരിച്ച മേൽ പദ്ധതി പാറശ്ശാല ബ്ലോക്കിലെ 6 ഗ്രാമ പഞ്ചായത്തിലെ ഏഴ് ഹെക്ടർ തരിശ് ഭൂമി കൃഷി ചെയ്ത് 80 ടൺ മാത്രം അധികമായി ഉല്പാദിപ്പിച്ച് അവസാനിപ്പിക്കുകയാണ് ചെയ്തത്. ഇങ്ങനെ സംഭവിക്കാനുള്ള സാഹചര്യം അറിയിക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (06/2022,12.01.2022) മറുപടി ലഭ്യമാക്കിയില്ല. പദ്ധതി ലക്ഷ്യം കണ്ടില്ലായെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. കൂടാതെ പ്രസ്തുത പദ്ധതിക്ക് വകയിരുത്തിയ അടങ്കൽ തുകയുടെ 26 ശതമാനം മാത്രമാണ് ചെലവിട്ടത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (05/2022, തീയതി 12.01.2022) മറുപടിയായി മേൽ പദ്ധതിക്ക് ആവശ്യത്തിൽ കൂടുതൽ തുക വകയിരുത്തിയതിനാലാണ് ഇങ്ങനെ സംഭവിച്ചതെന്ന് അറിയിച്ചിട്ടുണ്ട്. പദ്ധതി രൂപീകരണം, നിർവ്വഹണം, ഫലപ്രാപ്തി എന്നീ ഘട്ടങ്ങൾ പൂർണമായി പരാജയപ്പെട്ടു.

## 1-15 കേദാരം ( സമഗ്ര നെൽകൃഷി വികസനം )- പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

പദ്ധതി നമ്പർ : 21

പദ്ധതിയുടെ പേര് : കേദാരം ( സമഗ്ര നെൽകൃഷി വികസനം )

അടങ്കൽ തുക :5,00,000/-

ചെലവ് തുക :5,00,000/-

ബില്ല് നമ്പർ, തീയതി : 01/2019, 22.08.2019
നിർവ്വഹണം:കൃഷി അസിസ്റ്റന്റ് ഡയറക്ടർ

ആറ് ഗ്രാമപഞ്ചായത്തിലെ 58.80 ഹെക്ടർ നിലത്ത് നെൽ കൃഷി ചെയ്ത് 205 ടൺ നെൽ ഉത്പാദനം ലക്ഷ്യമിട്ട് ആവിഷ്കരിച്ച മേൽ പദ്ധതി ചെങ്കൽ, കുളത്തൂർ ഗ്രാമപഞ്ചായത്തുകളിൽ മാത്രമായി പരിമിതപ്പെടുത്തി 53.96 ഹെക്ടർ ഭൂമി കൃഷി ചെയ്ത് 161.80 ടൺ മാത്രം നെല്ലുല്പാദനം നടത്തി. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (07/2022,12.01.2022) മറുപടിയായി പ്രതികൂല കാലാവസ്ഥ കാരണം കുറച്ച് കർഷകർ കൃഷിയുടെ വിസ്തീർണ്ണം കുറച്ചതിനാലാണ് ഇങ്ങനെ സംഭവിച്ചതെന്നാണ് അറിയിച്ചിരിക്കുന്നത്. എന്നാൽ ഇതിനെ സാധൂകരിക്കുന്ന രേഖകൾ ഒന്നും തന്നെ ഹാജരാക്കിയിട്ടില്ല. അതിനാൽ ഈ മറുപടി ഓഡിറ്റ് അംഗീകരിക്കുന്നില്ല. പദ്ധതി ലക്ഷ്യം കൈവരിച്ചില്ലായെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ആറ് ഗ്രാമപഞ്ചായത്തിലെ 58.80 ഹെക്ടറിൽ നെൽകൃഷി ചെയ്യാനായി പദ്ധതി ആവിഷ്കരിച്ചെങ്കിലും ചെങ്കൽ, കുളത്തൂർ ഗ്രാമപഞ്ചായത്തുകളുടെ ഫണ്ട് റിക്വസ്റ്റ് മാത്രമാണ് അടങ്കൽ തുകയായ അഞ്ച് ലക്ഷം രൂപയിൽ നിന്നും ബ്ലോക്ക് വിഹിതമായി നൽകാൻ സാധിച്ചതെന്ന് അറിയിച്ചിട്ടുണ്ട്. പദ്ധതി രൂപീകരണത്തിലും, അതിന്റെ നടത്തിപ്പിലും ഉണ്ടായ പാളിച്ചയാണ് ഇത് കാണിക്കുന്നത്.

## 1-16 മിനിട്ട്സ് പുസ്തകത്തിലെ അപാകതകൾ

മിനിട്ട്സ് പുസ്തകത്തിലെ രേഖപ്പെടുത്തലുകളുമായി ബന്ധപ്പെട്ട് ചുവടെ വിവരിക്കുന്ന അപാകതകൾ ഉണ്ട്

1. ധന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിൽ പങ്കെടുത്തവർ മിനിട്ട്സ് ബുക്കിൽ ഒപ്പ് വയ്ക്കുന്നില്ല.

2.ഓരോ യോഗം കഴിയുമ്പോഴും മിനിട്ട്സ് ബുക്ക് ക്ലോസ്സ് ചെയ്യുന്നില്ല. ഒരു യോഗത്തിന്റെ മിനട്ട്സ് രേഖപ്പെടുത്തി അടുത്ത യോഗത്തിന്റെ മിനട്ട്സ് രേഖപ്പെടുത്തുന്നതിനിടയിൽ പേജുകൾ ഒഴിച്ച് ഇട്ടിട്ടുണ്ട്.

3. യോഗത്തിന്റെ അജണ്ട മിനിട്ട്സ് പുസ്തകത്തിൽ രേഖപ്പെടുത്തുന്നില്ല.

4.19.02.2020 തീയതിയിലെ മിനിട്ട്സ് റദ്ദ് ചെയ്തത് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

5.23.09.2019 ൽ രേഖപ്പെടുത്തിയ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗ മിനിട്ട്സിൽ പട്ടികജാതിക്കാർക്കുള്ള പൂർത്തീകരിക്കാത്ത വീടുകളുടെ പൂർത്തീകരണം പദ്ധതിയുമായി ബന്ധപ്പെട്ട് ഫീൽഡ് പരിശോധന കഴിഞ്ഞവരുടെ പട്ടികയിൽ വ്യാപകമായ വെട്ടി തിരുത്തലുകൾ വരുത്തിയിട്ടുണ്ട്. എന്നാൽ ഉത്തരവാദപ്പെട്ട ഒരു ഉദ്യോഗസ്ഥനും ഇത് സാക്ഷ്യപ്പെടുത്തിയിട്ടുമില്ല.

6. 01.11.2019 , 11.11.2019 എന്നീ തീയതികളിൽ ചേർന്ന ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിൽ ചെയർമാന്റെ ഹാജർ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.
മിനിട്സ് രേഖപ്പെടുത്തുമ്പോൾ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-17 പേപ്പർ ബാഗ് നിർമ്മാണ യൂണിറ്റ് അടഞ്ഞ് കിടക്കുന്നു

പാറശ്ശാല ബ്ലോക്ക് പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന പേപ്പർ ബാഗ് നിർമ്മാണ യൂണിറ്റ് അടഞ്ഞ് കിടക്കുന്നു. എന്നാൽ ചെലവ് പത്രിക പ്രകാരം ചുവടെ വിവരിക്കുന്ന പദ്ധതികൾ നടന്നിട്ടുണ്ട്.

പദ്ധതി നമ്പർ: 83

പദ്ധതിയുടെ പേര്: പേപ്പർ ബാഗ് നിർമ്മാണം - ഗ്രൂപ്പ് അടിസ്ഥാനത്തിൽ

(ജനറൽ) (സ്പിൽ ഓവർ)

അടങ്കൽ തുക :50,355/-

ചെലവ് തുക :46,930/-

ഫണ്ടിനം :വികസന ഫണ്ട്, പൊതു വിഭാഗം, സാധാരണ വിഹിതം

2. പദ്ധതി നമ്പർ: 120

പദ്ധതിയുടെ പേര് : ബ്ളോക്ക് പഞ്ചായത്തിന്റെ പേപ്പർ ബാഗ് നിർമ്മാണ

യൂണിറ്റിന്റെ തുടർ പ്രവർത്തനങ്ങൾ

അടങ്കൽ തുക :50,000/-

ചെലവ് തുക :49,686/-

ഫണ്ടിനം : വികസന ഫണ്ട്, പൊതു വിഭാഗം, സാധാരണ വിഹിതം

ബ്ലോക്ക് പഞ്ചായത്ത് പരിസരത്ത് സ്ഥിതി ചെയ്യുന്ന ഹരിത ശ്രീ പേപ്പർ ക്യാരി ബാഗ് യൂണിറ്റിന്റെ പ്രവർത്തനം നിലച്ചിട്ട് മാസങ്ങളായി. ജനകീയാസൂത്രണ പദ്ധതി പ്രകാരം 2018-19 സാമ്പത്തിക വർഷത്തിൽ പദ്ധതി നമ്പർ0098/18 ആയി ഉൾപ്പെടുത്തിയ പദ്ധതി ആയിരുന്നു പേപ്പർ ക്യാരി ബാഗ് യൂണിറ്റ്. ആകെ 13,90,721/- രൂപ വകയിരുത്തിയിരുന്നു. മെഷീനറിക്ക് 12,45,000/- രൂപയും, ഇലക്ട്രിഫിക്കേഷന് 46,390/- രൂപയും പ്രവർത്തന മൂലധനമായി അസംസ്കൃത ഉല്പന്നങ്ങൾ വാങ്ങുന്നതിന് 99,331/- രൂപയും ചെലവ് വന്നിട്ടുണ്ട്. 14 ഡിവിഷനുകളിൽ നിന്നും തിരഞ്ഞെടുത്ത 14 വനിതകൾക്ക് 4 ഘട്ടമായി പേപ്പർ കവർ നിർമ്മിക്കുന്നതിനാവശ്യമായ പരിശീലനം നൽകിയിട്ടുമുണ്ട്. 2020 മാർച്ച് വരെ 8 പേർ ഇവിടെ പേപ്പർ ക്യാരി ബാഗ് ഉല്പാദിപ്പിച്ച് വിപണനം നടത്തിയിരുന്നു. അതിന് ശേഷം യാതൊരു പ്രവർത്തനവും നടത്തുന്നില്ല. അതേ തുടർന്ന് ഈ വിഷയം വിശദമായി ചർച്ച ചെയ്ത് തീരുമാനം എടുക്കുന്നതിന് 31.08.2021 ൽ വികസന സ്റ്റാൻഡിംഗ് കമ്മിറ്റി തീരുമാനമെടുത്തിട്ടുണ്ട്.

09.09.2021 ൽ ഹരിത ശ്രീ പേപ്പർ ക്യാരി ബാഗ് യൂണിറ്റിന്റെ സ്റ്റോക്ക് എടുക്കുന്നതിനും, പാസ് ബുക്ക്, മിനിട്സ് ബുക്ക്, രേഖകൾ എന്നിവ കൃത്യമാക്കി വയ്ക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

17.09.2021 ൽ പേപ്പർ ക്യാരി ബാഗ് നിർമ്മാണ യൂണിറ്റിന്റെ യോഗത്തിൽ ഇറക്കിയിട്ടിരുന്ന മെറ്റീരിയൽസിന്റെ വിശദമായ കണക്ക് വ്യവസായ വികസന ഓഫീസർ ചുവടെ വിവരിക്കും പ്രകാരം കണക്കാക്കിയിട്ടുണ്ട്.

ഫർണിഷ്ഡ് പ്രോഡക്ട്സ് - 34,000/-

അൺ ഫർണിഷ്ഡ് പ്രോഡക്ട്സ് - 46,000/-

ചരട് - 500/-

പശ - 350/-

പേപ്പർ ഹാൻഡിൽ - 300/-

പേപ്പർ സ്റ്റോക്ക് -11,400/-

ആകെ - 92,550/-

വർക്കിങ്ങ് ക്യാപിറ്റൽ ആയി രണ്ട് പ്രാവശ്യം 96,000/- രൂപ ബ്ലോക്ക് പഞ്ചായത്ത് കൊടുത്തിട്ടുണ്ട്. വൈദ്യുതി ചാർജ്ജ് 2021 സെപ്റ്റംബറിൽ 3791/- രൂപ അടക്കാനുണ്ട്.

യോഗത്തിൽ അവതരിപ്പിച്ച കണക്ക് പ്രകാരം 9,013/- രൂപ പേപ്പർ റോൾ വാങ്ങിയ ഇനത്തിലും 3,791/- രൂപ വൈദ്യുതി ചാർജ്ജ് ഇനത്തിലും അടയ്ക്കാനുണ്ട്. യൂണിറ്റിന് ആകെ ബാദ്ധ്യത 12,945/- രൂപയാണെന്നും 17.09.2021 ലെ മിനുട്ട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. വീണ്ടും യൂണിറ്റ് തുറന്ന് പ്രവർത്തിക്കുന്നതിനുള്ള തീരുമാനം ഉണ്ടെങ്കിലും ഇതുവരെയും തുറന്നിട്ടില്ല. പേപ്പർ ബാഗ് നിർമ്മാണ യൂണിറ്റിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ച് വിവരം ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-18 ഖരമാലിന്യ സംസ്കരണം - പദ്ധതി നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| പദ്ധതിയുടെ പേരും നമ്പരും | ഖരമാലിന്യ സംസ്കരണം പാറശ്ശാല താലൂക്ക് ആശുപത്രിയിൽ (107/20) |
| അടങ്കൽ തുക | 512320/- |
| ചെലവ് തുക | 264624/- |
| ഫണ്ട് | വികസന ഫണ്ട്, പൊതുവിഭാഗം സാധാരണ വിഹിതം |
| ബിൽ നം. തീയതി | 8/19-20, 28.01.2020 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സൂപ്രണ്ട്, പാറശ്ശാല താലൂക്ക് ആശുപത്രി |

2017-18 ൽ ഖരമാലിന്യസംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിന് എൽ എസ് ജി ഡി അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയ 2561600/- രൂപയുടെ എസ്റ്റിമേറ്റിന് അംഗീകാരം ലഭിക്കുകയും ഐ ആർ റ്റിസി മുഖേന പദ്ധതി നടപ്പാക്കുകയും ചെയ്തു. അഡ്വാൻസ് പേയ്മെന്റ് ഉൾപ്പെടെ നാല് ഘട്ടങ്ങളിലായി 2049280/- രൂപ 2017-18, 2018-19 കാലയളവിൽ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ഖരമാലിന്യസംസ്കരണ പ്ലാന്റിന്റെ ലാന്റ് സ്കേപ്പിംഗ് ഉൾപ്പെടെയുള്ള അവസാനഘട്ട പ്രവൃത്തികൾക്ക് മേൽ പദ്ധതി പ്രകാരം തുക നൽകി പ്രവൃത്തി പൂർത്തീകരിച്ചു.

പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

സർക്കാർ ഉത്തരവ് (എം എസ് ) നം 133/07/തസ്വഭവ തീയതി 18.5.2007 ലെ നിർദേശാനുസരണം

(എ) ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ വാല്യുവേഷന്റെ അടിസ്ഥാനത്തിലാണ് അഡ്വാൻസ് ഒഴികെ മൂന്ന് ഇൻസ്റ്റാൾമെന്റ് തുകയും നൽകിയിരിക്കുന്നത്. ഫൈനൽ വാല്യുവേഷൻ നൽകിയ വേളയിൽ ഇലക്ട്രിഫിക്കേഷൻ, വാട്ടർ സപ്ളൈ എന്നിവ പൂർത്തീകരിക്കാത്തതിനാലും ലാന്റ് സ്കേപ്പിംഗ് നിർവ്വഹണ ഉദ്യോഗസ്ഥൻ നേരിട്ട് ചെലവഴിക്കുന്നതിനാലും പ്രസ്തുത ഐറ്റങ്ങൾക്കുള്ള വാല്യുവേഷൻ ഉൾപ്പെടുത്തിയിട്ടില്ല എന്ന് അറിയിച്ചു. ലാന്റ് സ്കേപ്പിംഗ് പ്രവൃത്തികൾക്ക് സ്ഥാപനം നൽകിയ ഇൻവോയ്സ് പ്രകാരമുള്ള തുക അതേപടി അനുവദിച്ച് നൽകിയത് അംഗീകരിക്കാവുന്നതല്ല. ഇത് സംബന്ധിച്ച് നൽകിയ 13.01.2022 ലെ ഓഡിറ്റ് അന്വേഷണം നം. 15 ന് മറുപടിയായി വാല്യുവേഷൻ ലഭ്യമായിട്ടില്ല എന്നും പ്രവൃത്തി പൂർത്തീകരിച്ചതിനാൽ തുക നൽകി എന്നുമാണ് വിശദീകരിച്ചിട്ടുള്ളത്. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ വാല്യുവേഷൻ ലഭ്യമാക്കേണ്ടതും അതിൻപ്രകാരം തുക നൽകേണ്ടതുമാണ്. നിലവിൽ അധികം തുക നൽകിയിട്ടുണ്ടെങ്കിൽ ആയത് തിരികെ ഈടാക്കി അറിയിക്കേണ്ടതുമാണ്.

(ബി) റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം വാട്ടർ സപ്ളൈക്ക് 30000/- രൂപ, ഇലക്ട്രിഫിക്കേഷന് 20000/- രൂപ എന്നിങ്ങനെ തുക വകയിരുത്തിയതായും വാട്ടർ സപ്ളൈയുടെ വാല്യുവേഷൻ 43838/- രൂപയായതിനാൽ എസ്റ്റിമേറ്റ്

റിവൈസ് ചെയ്യണമെന്നും അറിയിച്ചു. എന്നാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് അംഗീകാരം ലഭ്യമാകാതെ 43838/- രൂപ വാട്ടർ സപ്ളൈ പ്രവൃത്തികൾക്കായി ചെലവഴിച്ചിരിക്കുന്നു.

(സി) ഖരമാലിന്യ നിർമ്മാർജ്ജന യൂണിറ്റിൽ ശേഖരിക്കപ്പെടുന്ന അജൈവവാലിന്യങ്ങൾ ലേലനടപടികളിലൂടെ വിൽപ്പന നടത്തിയതു പ്രകാരമുള്ള തുക ബ്ലോക്ക് പഞ്ചായത്തിന് ലഭ്യമായിട്ടുണ്ടോ എന്നത് സംബന്ധിച്ച് നൽകിയ 18.01.2022 തീയതിയിലെ ഓഡിറ്റ് അന്വേഷണം നം.32ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയില്ല. ആയതിന് മറുപടി ലഭ്യമാക്കേണ്ടതും മേൽ അപാകതകളിൻമേൽ തുടർ നടപടി സ്വീകരിച്ച് അറിയിക്കേണ്ടതുമാണ്.

## 1-19 മരുന്ന് ലഭ്യമായില്ല – 52791/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പൂവ്വാർ സി എച്ച് സിയുടെ ദൈനംദിന ചെലവുകൾക്ക് ചുവടെ ചേർത്തിരിക്കും പ്രകാരം പദ്ധതി നടപ്പാക്കി.

| | |
|---|---|
| പദ്ധതിയുടെ പേരും നമ്പരും | പൂവ്വാർ സി എച്ച്സി യുടെ ദൈനംദിന ചെലവുകൾ (48/20) |
| അടങ്കൽ തുക | 500000/- |
| ചെലവ് തുക | 499981/- |
| ഫണ്ട് | മെയിന്റനൻസ് ഫണ്ട് റോഡിതരം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സി എച്ച് സി പൂവ്വാർ |

ചെലവ് തുകയിൽ നിന്നും ബിൽനം 13/ 31.3.2020 പ്രകാരം മാറിയ 168058/- രൂപയിൽ 75010/- രൂപ ഐ എച്ച് ഡി ബിയ്ക്ക് മരുന്ന് വാങ്ങിയതിന് നൽകി. ഇതിൽ 22219/- രൂപയുടെ മരുന്ന് മാത്രമേ ലഭ്യമായിട്ടുള്ളൂ. 52791/- രൂപയുടെ മരുന്ന് ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച് 13.01.2022 ൽ നൽകിയ ഓഡിറ്റ് അന്വേഷണം നം. 16 ന്റെ മറുപടിയിൽ മരുന്ന് ലഭ്യമായില്ല എന്നറിയിച്ചിട്ടുണ്ട്. ആശുപത്രിയുടെ നടത്തിപ്പിന് ആവശ്യമായ മരുന്നിന് തുക നൽകിയിട്ടും ലഭ്യമാകാതിരിക്കുന്നത് പരിശോധിക്കപ്പെടേണ്ടതാണ്. നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിയും ഈ വിഷയം പരിശോധിച്ച് ആവശ്യമായ തുടർനടപടി സ്വീകരിക്കേണ്ടതാണ്. മരുന്നുകൾ ലഭ്യമാക്കി വിവരം റിപ്പോർട്ട് ചെയ്യുന്നതുവരെ 52791/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-20 മരാമത്ത് പ്രവൃത്തികളുടെ നിർവഹണത്തിലെ പൊതുവായ അപാകതകൾ

മരാമത്ത് പ്രവൃത്തി ഫയലുകളുടെ പരിശോധനയിൽ കണ്ട പൊതുവായ അപാകതകൾ ചുവടെ ചേർക്കുന്നു

1) പ്രവൃത്തികളുടെ സൈറ്റ് പ്ലാൻ, ലൊക്കേഷൻ സ്കെച്ച് എന്നിവ ഫയലുകളിൽ ഉൾപ്പെടുത്തുന്നില്ല.

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ (സ.ഉ. (പി)നം. 13/2012/പൊ.മ.വ തീയതി 01.02.2012) സെക്ഷൻ 1601.1 പ്രകാരം ഒരു പ്രവൃത്തിയുടെ പ്രിലിമിനറി എസ്റ്റിമേറ്റിനൊപ്പം പ്രവൃത്തിയുമായി ബന്ധപ്പെട്ട സൈറ്റ് പ്ലാൻ, ലൊക്കേഷൻ പ്ലാൻ, കെട്ടിടത്തിന്റെ പ്ലാൻ എന്നിവ ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ ബ്ലോക്ക് പഞ്ചായത്തിന്റെ പ്രവൃത്തി ഫയലുകളിൽ ഇത്തരം രേഖകൾ സൂക്ഷിക്കുന്നില്ല.

സ.ഉ. (പി) നം.78/2019/തസ്വഭവ തീയതി 02.11.2019 (2019 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമമാണ ചട്ടങ്ങൾ) ചട്ടം 5(3) ഭൂവികസന പ്രവൃത്തികൾ, കെട്ടിടങ്ങളുടെ നിർമ്മാണം/പുനർനിർമ്മാണം/ കൂട്ടിച്ചേർക്കലുകൾ തുടങ്ങിയ പ്രവൃത്തികളുടെ ആരംഭത്തിനു 30 ദിവസത്തിനു മുൻപ് തന്നെ പ്രവൃത്തിയുടെ ലേഔട്ട് പ്ലാൻ, കെട്ടിടത്തിന്റെ പ്ലാൻ എന്നിവയടങ്ങുന്ന രേഖകൾ, പ്രവൃത്തിക്ക് ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കുന്നുണ്ട് എന്ന സാക്ഷ്യപ്പെടുത്തലോട്ടുകൂടി ബന്ധപ്പെട്ട തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറിക്ക് ലഭ്യമാക്കേണ്ടതുണ്ട്. ബ്ലോക്ക് പഞ്ചായത്ത് നിർമ്മാണം നടത്തിയിട്ടുള്ള അംഗൻവാടികൾ, പകൽവീട് തുടങ്ങിയവയുടെ ഫയലുകളിലൊന്നും തന്നെ ഇപ്രകാരമുള്ള പ്ലാൻ സൂക്ഷിച്ചിട്ടില്ല.

2) പ്രവൃത്തി പൂർത്തീകരിച്ച് ഫൈനൽ ബിൽ അനുവദിക്കുന്നതിനു മുൻപ് റീടെൻഷൻ തുക തിരികെ അനുവദിക്കുന്നു.

സ.ഉ. (പി)നം.429/15/ധന തീയതി 28.09.2015 പ്രകാരം പ്രവൃത്തികളുടെ പാർട്ട് ബില്ലുകളിൽ നിന്നും പ്രവൃത്തി മൂല്യത്തിന്റെ 2.5% നിരക്കിൽ റീടെൻഷൻ ഈടാക്കേണ്ടതും, പ്രസ്തുത തുക ഫൈനൽ ബിൽ പാസ്സായശേഷം മാത്രം

തിരികെ അനുവദിക്കേണ്ടതുമാണ്. എന്നാൽ ബ്ലോക്ക് പഞ്ചായത്ത് ഫൈനൽ ബിൽ അനുവദിക്കുന്നതിനു മുൻപു തന്നെ, അതായത് തൊട്ടടുത്തു വരുന്ന പാർട്ട് പേമെന്റിനൊപ്പം ആദ്യ റീടെൻഷൻ തുക തിരികെ അനുവദിക്കുന്ന രീതിയാണ് പിൻതുടർന്നിട്ടുള്ളത്. പ്രവൃത്തി പൂർത്തീകരിച്ച ശേഷം മാത്രം റീടെൻഷൻ തുക തിരികെ അനുവദിക്കേണ്ടതാണ്.

3) ഇലക്ട്രിക്കൽ പ്രവൃത്തിയുടെ നിർവഹണത്തിന്റെ ഭാഗമായി ഇലക്ട്രിക്കൽ എഞ്ചിനീയർമാർക്ക് അനുവദിക്കേണ്ട പ്രതിഫലതുക കരാറുകാരന് അനുവദിക്കുന്നു.

സ.ഉ.(സാധാ)നം.2878/2015/തസ്വഭവ തീയതി 22.09.2015 പ്രകാരം ഇലക്ട്രിക്കൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ്, ബിൽ തയ്യാറാക്കൽ, സൂപ്പർവിഷൻ എന്നിവ നിർവഹിക്കേണ്ടത് ഇലക്ട്രിക്കൽ എഞ്ചിനീയർമാരാണ്. ഇതിലേക്കായി പ്രവൃത്തി മൂല്യത്തിന്റെ 3% നിരക്കിൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ്, ടെണ്ടർ രേഖകൾ, ബിൽ എന്നിവ തയ്യാറാക്കുന്ന എഞ്ചിനീയർക്കും, 1% നിരക്കിൽ പ്രവൃത്തിയ്ക്ക് സാങ്കേതികാനുമതി നൽകിയതും, പ്രവൃത്തി ചെക്ക് മെഷർ ചെയ്തതുമായ എഞ്ചിനീയർക്കും അനുവദിക്കാവുന്നതാണ്. എന്നാൽ പ്രസ്തുത തുക ടി ഉദ്യോഗസ്ഥരുടെ ബാങ്ക് അക്കൌണ്ടിൽ കൂടി അനുവദിക്കുന്നതിനു പകരം, പ്രസ്തുത തുക കൂടി ഉൾപ്പെടുത്തിയ തുകയാണ് കരാറുകാർക്ക് അനുവദിക്കുന്നത്. പ്രതിഫലതുക ബന്ധപ്പെട്ട ഇലക്ട്രിക്കൽ എഞ്ചിനീയർമാരുടെ അക്കൗണ്ടിലേക്ക് കൈമാറേണ്ടതാണ്.

4) മോണിട്ടറിംഗ് സംവിധാനം ഫലപ്രദമല്ല.

സ.ഉ.(കൈ) നം.11/2018/തസ്വഭവ തീയതി 29.01.2018 പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക 3.12(ബി) പ്രകാരം വർക്കിംഗ് ഗ്രൂപ്പിലെ നിർവഹണോദ്യോഗസ്ഥൻ ഒഴികെയുള്ള അംഗങ്ങൾ മോണിട്ടറിംഗ് കമ്മിറ്റിയായി പ്രവർത്തിച്ച് പ്രോജക്ടുകളുടെ കാര്യക്ഷമമായ നിർവഹണം, തുടർനടത്തിപ്പ് എന്നിവ മോണിട്ടർ ചെയ്യേണ്ടതുണ്ട്. എന്നാൽ ബ്ലോക്ക് പഞ്ചായത്തിന്റെ ഫയലുകളിലെ മോണിട്ടറിംഗ് റിപ്പോർട്ടിൽ ആവശ്യമായ വിശദാംശങ്ങൾ ഉൾപ്പെടുത്താതെയും, മോണിട്ടറിംഗ് സമിതി അംഗങ്ങൾ എല്ലാവരും സാക്ഷ്യപ്പെടുത്താതെയും സൂക്ഷിച്ചിരിക്കുന്നു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റും, പ്രവൃത്തി നടക്കുന്ന ഡിവിഷനിലെ മെമ്പറും മാത്രമാണ് മോണിട്ടറിംഗ് സമിതി റിപ്പോർട്ടിൽ ഒപ്പു വച്ചിട്ടുള്ളത്. വർക്കിംഗ് ഗ്രൂപ്പ് മിനിട്സുകളിൽ പദ്ധതി നിർദ്ദേശങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പ്രവൃത്തികളുടെ നിർവഹണമോ, തുടർനടത്തിപ്പോ ഒരു ഘട്ടത്തിലും മോണിട്ടർ ചെയ്യപ്പെട്ടു കാണുന്നില്ല.

മരാമത്ത് പ്രവൃത്തികളുടെ നിർവഹണത്തിലെ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-21 ഗുണഭോക്തൃ സമിതി നിർവഹിച്ച പദ്ധതികളിലെ അപാകതകൾ

ഗുണഭോക്തൃ സമിതി മുഖാന്തിരം നിർവഹിച്ചിട്ടുള്ള പ്രവൃത്തികളിൽ സർക്കുലർ നം. 1/1559/2010/സി.ഇ./ത.സ്വ.ഭ.വ. തീയതി 13.11.2014 പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നില്ല.

എ) വരവു ചെലവു കണക്കുകൾ രേഖപ്പെടുത്തിയ ഡയറി സൂക്ഷിക്കുന്നില്ല.

ബി) ഗുണഭോക്തൃ സമിതി കൺവീനറെയും, ചെയർമാനെയും തെരഞ്ഞെടുക്കുന്നതിനു മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്. പ്രവൃത്തിയുടെ നിർവഹണ ഘട്ടങ്ങളിലോ, പ്രവൃത്തി പൂർത്തിയായ ശേഷമോ, ഗുണഭോക്തൃസമിതി യോഗം ചേർന്നിട്ടില്ല. വരവു ചെലവു കണക്കുകൾ തയ്യാറാക്കി അംഗീകാരം നൽകിയിട്ടില്ല.

സി) പ്രവൃത്തികളുടെ വരവ് ചെലവ് ഇടപാടുകൾ കൺവീനറുടെയും, ചെയർമാന്റെയും പേരിലുള്ള സംയുക്ത അക്കൗണ്ടിലൂടെയാണ് നടത്തേണ്ടത്. എന്നാൽ കൺവീനറുടെ മാത്രം പേരിലുള്ള അക്കൗണ്ടിലാണ് പ്രവൃത്തിയുടെ തുക അനുവദിച്ചിട്ടുള്ളത്. പ്രവൃത്തിയുമായി ബന്ധപ്പെട്ട പണമിടപാടുകൾ ഈ അക്കൗണ്ടിൽ കൂടി നടത്തിയതു സംബന്ധിച്ച രേഖകൾ ലഭ്യമല്ല. പ്രവൃത്തിയുടെ ഭാഗമായ വാങ്ങലുകളെല്ലാം തന്നെ ക്യാഷ് വൗച്ചറുകൾ മുഖാന്തിരമാണ് നിർവഹിച്ചിട്ടുള്ളത്.

ഡി) ഗുണഭോക്തൃ സമിതി മുഖാന്തിരം നിർവഹിക്കുന്ന പ്രവൃത്തികൾക്ക് പ്രവൃത്തി ബിൽ പ്രകാരമുള്ള തുകയോ, ഗുണഭോക്തൃസമിതിക്കുണ്ടാകുന്ന ആകെ ചെലവോ ഏതാണോ കുറവ് പ്രസ്തുത തുകയാണ് അനുവദിക്കേണ്ടത്. എന്നാൽ, ബ്ലോക്ക് പഞ്ചായത്ത് വിവിധ പ്രവൃത്തികൾക്ക് ഗുണഭോക്തൃസമിതിക്കുണ്ടായ ചെലവ് രേഖകൾ ഇല്ലാതെ തന്നെ ബിൽ തുക അനുവദിച്ചിരിക്കുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോ. നം | പ്രോജക്ടിന്റെ പേര് | കൺവീനർ | ബിൽ നം., തീയതി | ചെലവ് തുക | ലഭ്യമായ വൗച്ചറുകളിലെ തുക | അധികമായി അനുവദിച്ചതുക |
|---|---|---|---|---|---|---|---|
| 1 | 117/20 | കാരോട് ഗ്രാമപഞ്ചായത്തിൽ 95-ാം നമ്പർ അംഗൻവാടി പുനരുദ്ധാരണം | സുനി കെ | 22, 13.10.2019 | 6,33,829 | 5,64,805 | 69024 |

| | | | | | | | |
|---|---|---|---|---|---|---|---|
| 2 | 27/20 | പരശുവക്കൽ ഗവ. എൽ.പി.എസ്. കെട്ടിട നിർമ്മാണം-രണ്ടാം ഘട്ടം | സുരേഷ് | 13/06.09.2019 | 593102 | 583199 | 9903 |
| ആകെ | | | | | | | 78927 |

ലഭ്യമാക്കിയ ചെലവു വൗച്ചറുകളിലും അധികമായി ചെലവു ചെയ്യുവാനുണ്ടായ സാഹചര്യം അന്വേഷിച്ച നൽകിയ ഓഡിറ്റ് അന്വേഷണങ്ങൾക്ക് (നം. 8, 27) ക്രമ നം. 1ലെ പ്രവൃത്തിയുടെ ഭാഗമായി 71,862/- രൂപയുടെ ഇലക്ട്രിക്കൽ പ്രവൃത്തികൾ നിർവഹിച്ചിട്ടുള്ളതായും, എം. ബുക്ക് ഇലക്ട്രിക്കൽ എഞ്ചിനീയർ ലഭ്യമാക്കിയിട്ടുള്ളതായും മറുപടി നൽകിയെങ്കിലും ഇലക്ട്രിഫിക്കേഷൻ പ്രവൃത്തിയുമായി ബന്ധപ്പെട്ട വൗച്ചറുകൾ ലഭ്യമായില്ല. (വൗച്ചർ കൂടാതെ തന്നെ ടി പ്രവൃത്തിയുടെ ഇലക്ട്രിഫിക്കേഷൻ എം ബുക്കിൽ (നം. 28/19-20) രേഖപ്പെടുത്തിയിട്ടുള്ള പ്രകാരം Charges For KSEB Connection & Shifting Of Electric Post എന്ന ഇനത്തിന് 37900/- രൂപ അനുവദിച്ചിട്ടുമുണ്ട്.) ക്രമ നം. 2 ലെ പ്രവൃത്തിക്കായി ഇലക്ട്രിക്കൽ പണികൾ ചെയ്ത വകയിൽ കൺവീനർക്ക് 22,300/- രൂപ ചെലവായതായും, പ്രസ്തുത രേഖകൾ ഫയലിൽ ഉൾപ്പെടുത്തുന്നതാണെന്നും മറുപടി ലഭ്യമാക്കി. ഫയലുകളും രേഖകളും യഥാവിധി സൂക്ഷിക്കേണ്ടതും ഓഡിറ്റിനു വിധേയമാക്കേണ്ടതും നിർവഹണാധികാരിയുടെ ഉത്തരവാദിത്തമാണ്. മേൽ പദ്ധതികളുമായി ബന്ധപ്പെട്ട വൗച്ചറുകൾ ലഭ്യമാക്കി ഫയലിൽ സൂക്ഷിക്കേണ്ടതും, വിശദാംശങ്ങൾ ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

ഗുണഭോക്തൃസമിതി മുഖാന്തിരം പദ്ധതികൾ നിർവഹിക്കുമ്പോൾ മോണിട്ടറിംഗ് സമിതിയുടെ റിപ്പോർട്ട് ഉൾപ്പെടെ, ആവശ്യമായ രേഖകൾ എല്ലാം ലഭ്യമാക്കിയ ശേഷം മാത്രം ബിൽ തുക അനുവദിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ഇ) സർക്കാർ ഉത്തരവ് (പി)നം30/2016ധന. തീയതി 29/02/2016 പ്രകാരം ഗുണഭോക്തൃസമിതി നിർവഹിക്കുന്ന മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കുമ്പോൾ 7.5% ഓവർഹെഡ് ചാർജ് അനുവദിക്കാമെന്നും എന്നാൽ വർക്ക്ബില്ലുകളിൽ നിന്നും ഈടാക്കുന്ന അനുവദനീയമായ നികുതികൾ ഗുണഭോക്തൃസമിതി തന്നെ വഹിക്കണമെന്നും വ്യക്തമാക്കുന്നുണ്ട്. 14.03.2018 ലെ നം.ഡിബി.3-9058/17/സിഇ/തസ്വഭവ കത്തിലൂടെ തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ വാറ്റിന്റെ ഭാഗമായുള്ള 5% നികുതി നിലവിലില്ലാത്ത സാഹചര്യത്തിൽ പ്രസ്തുത തുക കുറവു ചെയ്തശേഷം മാത്രം ബിൽ അനുവദിച്ചാൽ മതിയാകുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് ഗുണഭോക്തൃസമിതി മുഖാന്തിരം നിർവഹിച്ചിട്ടുള്ള വിവിധ പ്രവൃത്തികളുടെ ബില്ലിൽ നിന്നും ഇപ്രകാരം കുറവ് വരുത്തിയിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം | കൺവീനർ | എം.ബുക്ക് നമ്പർ | അടങ്കൽ | ചെലവ്, ബിൽ നം | ആകെ പ്രവൃത്തി മൂല്യം | കൺവീനർക്ക് നൽകേണ്ട തുകയിൽ നിന്നും കുറവ് ചെയ്യേണ്ടി യിരുന്ന തുക (ആകെ പ്രവൃത്തി മൂല്യത്തിന്റെ 5% ) |
|---|---|---|---|---|---|---|---|
| 1 | 110/20 | വൽസല | 208/19-20<br>70/19-20<br>746/19-20 | 8,00,000 | 421857, 23/25.10.2019<br>320389, 32/13.03.20 | 750184 | 37509 |
| 2 | 63/20 | ജയശ്രീ. എസ് | 44/19-20 | 5,00,000 | 497220, 16/25.09.2019 | 497220 | 24861 |
| 3 | 46/20 | തങ്കം എൻ.കെ | 72/19-20<br>96/19-20 | 10,00,000 | 998843, 21/19.1.2019 | 998843 | 49942 |
| 4 | 62/20 | യേശുദാസ് | 43/19-20 | 5,00,000 | 496879, 17/25.09.2019 | 496879 | 24844 |

| | | | | | | | |
|---|---|---|---|---|---|---|---|
| 5 | 27/20 | സുരേഷ് | 348/18-19 | 600000 | 593102, 13/06.09.2019 | 593102 | 29655 |

അപാകത സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.8/12.01.2022) 14.03.2018 ലെ കത്ത് സംബന്ധിച്ച് ഹെഡ് ഓഫീസിൽ നിന്നും നിർദ്ദേശം ലഭിച്ചിട്ടില്ലായെന്നും, സർക്കാർ ഉത്തരവ് ലഭ്യമാകുന്ന മുറയ്ക്ക് 5% കുറവു വരുത്താം എന്ന രീതിയിൽ ബിൽ തുക അനുവദിച്ചതെന്നും മറുപടി നൽകി. 01.01.2017 മുതൽ വാറ്റ് നിലവിൽ ഇല്ലാത്തതിനാലും, കൺവീനർമാർ ജി.എസ്.റ്റി. തുക ഒടുക്കാത്തതിനാലും പ്രസ്തുത ചെലവിലേക്കായി അനുവദിക്കുന്ന തുക കുറവു ചെയ്തശേഷം മാത്രം ബിൽ തുക അനുവദിച്ചാൽ മതിയാകുന്നതാണ്.

മേൽ പദ്ധതികൾക്കും, 2019-20 ൽ ചെലവ് വന്നിട്ടുള്ള മുഴുവൻ ഗുണഭോക്തൃസമിതി പ്രവൃത്തികൾക്കും അധികം നൽകിയ തുക കണക്കാക്കി തിരികെ ഈടാക്കേണ്ടതാണ്.

## 1-22 കൈമാറികിട്ടിയിട്ടില്ലാത്ത സ്ഥാപനങ്ങളിൽ പ്രവൃത്തി നിർവഹിച്ചിരിക്കുന്നു.

പ്രോ. നം. 63/20 കുളത്തൂർ ജി.എം.യു.പി.എസ്. ൽ ടോയ് ലറ്റ് നിർമ്മാണം- കുളത്തൂർ, പ്രോ. നം.65/20 കൊടവിളാകം ഗവ. എൽ.പി.എസ്. ൽ ടോയ്‌ലറ്റ് നിർമ്മാണം - പാറശ്ശാല, പ്രോ. നം. 62/20 ടോയ്‌ലറ്റ് നിർമ്മാണം - ആർ.പി.എൽ.പി.എസ്. കൊച്ചോട്ടുകോണം - ചെങ്കൽ തുടങ്ങിയ പദ്ധതികൾ പ്രകാരം വിവിധ സ്കൂളുകൾക്ക് ടോയ്‌ലറ്റുകൾ നിർമ്മിച്ചു നൽകിയിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തുകൾക്ക് സ്കൂളുകൾ കൈമാറി നൽകപ്പെട്ടിട്ടില്ല. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 172(1) പ്രകാരം സർക്കാർ വ്യവസായ പരിശീലന സ്ഥാപനങ്ങളുടെ നടത്തിപ്പ് ചുമതല മാത്രമാണ് ബ്ലോക്ക് പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുള്ളത്. സർക്കാർ സ്കൂളുകൾ ഗ്രാമ/ജില്ലാ പഞ്ചായത്തുകൾക്കാണ് കൈമാറിയിട്ടുള്ളത് എന്നതിനാൽ പ്രസ്തുത സ്ഥാപനങ്ങളിൽ പ്രവൃത്തി നിർവഹിക്കുന്നതിനു മുൻപ്, ബന്ധപ്പെട്ട ഗ്രാമ/ ജില്ലാ പഞ്ചായത്തുകളുടെ രേഖാമൂലമുള്ള അനുവാദം ലഭ്യമാക്കേണ്ടതുണ്ട്. കൂടാതെ, എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ശൗചാലയങ്ങൾ നിർമ്മാണപദ്ധതികൾ ഏറ്റെടുക്കുന്നതിനു മുൻപ്, സർക്കാർ സ്കൂളുകളിൽ ആവശ്യമായ ശുചീകരണ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് എന്ന് ഉറപ്പാക്കേണ്ടതുമുണ്ട്. എന്നാൽ ഇത്തരം വിലയിരുത്തലുകളൊന്നും തന്നെ ബ്ലോക്ക് പഞ്ചായത്ത് നടത്തിയിട്ടില്ല. ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തുകളുടെയും, ജില്ലാ പഞ്ചായത്തിന്റെയും രേഖാമൂലമുള്ള അനുവാദവും നേടിയിട്ടില്ല.

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 8/12.01.2022) ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി തീരുമാനമെടുത്തു നൽകുന്ന പ്രവൃത്തികൾ മാത്രമാണ് അസി. എഞ്ചിനീയർ നടപ്പിലാക്കിയിട്ടുള്ളത് എന്ന് മറുപടി ലഭ്യമാക്കി.

ബ്ലോക്ക് പഞ്ചായത്തിനു കൈമാറിയിട്ടില്ലാത്ത സ്ഥാപനങ്ങളിൽ പ്രവൃത്തികൾ നടപ്പാക്കിയതും, സർക്കാർ പദ്ധതി നിർദ്ദേശം പാലിക്കാതെ പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പാക്കുന്നതും ക്രമവിരുദ്ധമാണ്. ഇത്തരം അപാകതകൾ ആവർത്തിക്കാവുന്നതല്ല. സർക്കാരിതര സ്ഥാപനങ്ങളിൽ പദ്ധതികൾ ആവിഷ്കരിക്കുന്നതിനു മുൻപായി സർക്കാർ സ്ഥാപനങ്ങളിൽ ആവശ്യമായ അളവിൽ സേവനങ്ങൾ ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പാക്കേണ്ടതുണ്ട്. പദ്ധതി ആസൂത്രണത്തിലെ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-23 എസ്റ്റിമേറ്റുകൾ പൂർണ്ണമായും ഭേദഗതിചെയ്ത് പ്രവൃത്തികൾ നിർവഹിക്കുന്നു.

സ.ഉ. (പി)നം. 13/2012/പൊ.മ.വ തീയതി 01.02.2012 സെക്ഷൻ 1601.1 പ്രകാരം പ്രവൃത്തിയുടെ പ്രിലിമിനറി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനു മുൻപ് തന്നെ സ്ഥലപരിശോധന നടത്തേണ്ടതും, പ്രവൃത്തിക്കായി ആവശ്യമുള്ള ഇനങ്ങൾ ഉൾക്കൊള്ളിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതും, പ്രസ്തുത വിഷയം അസി. എഞ്ചിനീയർ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. എന്നാൽ, ബ്ലോക്ക് പഞ്ചായത്തിന്റെ വിവിധ പ്രവൃത്തികളിൽ എസ്റ്റിമേറ്റ് പൂർണമായും ഭേദഗതി ചെയ്ത്, പുതിയ ഇനങ്ങൾ ഉൾപ്പെടുത്തി നിർവഹിച്ചിരിക്കുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

എ) പ്രോജക്ട് നം. 67/20 പാറശ്ശാല താലൂക്ക് ആശുപത്രിയിൽ പവർ ലോൺട്രി കെട്ടിട നിർമ്മാണം
പദ്ധതി പ്രകാരം ഒരു സെമി പെർമനെന്റ് ഷെഡ് നിർമ്മിക്കുന്നതിനായി (ജി.ഐ. ഷീറ്റ് റൂഫിംഗ്, സിമെന്റ് ഫ്ലോറിംഗ്, 1മീ. ഉയരമുള്ള ചുവർ എന്നിവയ്ക്ക്) 18 ഇനങ്ങൾ ഉൾപ്പെടുത്തി 8 ലക്ഷം രൂപ അടങ്കലിൽ പദ്ധതി ആവിഷ്കരിച്ചു.

പ്രവൃത്തിക്കായി ടെണ്ടർ ക്ഷണിച്ചശേഷം, ഒറിജിനൽ എസ്റ്റിമേറ്റിലെ 18 ഇനങ്ങളിൽ 15 ഇനങ്ങൾ ഒഴിവാക്കി, 13 എക്സ്ട്രാ ഇനങ്ങൾ ഉൾപ്പെടുത്തി പ്രവൃത്തി നിർവഹിച്ചു. നിർമ്മിതിയുടെ പൂർത്തീകരണത്തിനായുള്ള മറ്റു ഇനങ്ങൾ 2020-21 സാമ്പത്തിക വർഷത്തിൽ 93/21 പദ്ധതിയിലൂടെ 7.62 ലക്ഷം രൂപ ചെലവിൽ നിർവഹിച്ചു.

സാങ്കേതികാനുമതി ലഭ്യമായ പദ്ധതിയിൽ ഇത്തരത്തിൽ വ്യതിയാനമുണ്ടാകുവാനുണ്ടായ സാഹചര്യം വ്യക്തമാക്കുവാനറിയിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 19/15.01.2022) പ്രവൃത്തിക്കായി ടെണ്ടർ നടപടികൾ സ്വീകരിച്ച് എഗ്രിമെന്റ് വച്ചതിനുശേഷം പ്രവൃത്തിക്കായി പേരൂർക്കട ജില്ലാ ആശുപത്രിയിലെ കെട്ടിടത്തിന്റെ മാതൃകയിൽ ബ്ലോക്ക് പഞ്ചായത്തിന്റെ പ്രവൃത്തിയും നിർവഹിക്കണമെന്ന് ഭരണസമിതി നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഷീറ്റ് റൂഫ് മാറ്റി കോൺക്രീറ്റ് കെട്ടിടമാക്കിയത് എന്ന് വിശദീകരിച്ചിട്ടുണ്ട്.

ബി) പ്രോ. നം. 90/20 പാറശ്ശാല താലൂക്ക് ആശുപത്രിയിൽ പുനരുദ്ധാരണം

പദ്ധതി പ്രകാരം ആശുപത്രിയുടെ ഓപ്പറേഷൻ തീയറ്ററിന്റെ ചോർച്ച ഒഴിവാക്കുന്നതിനും, സെപ്റ്റിക് ടാങ്ക് വാട്ടർ പ്രൂഫിംഗിനും, ഓട സ്ലാബിട്ട് നടപ്പാത നിർമ്മിക്കുന്നതിനുമാണ് ഉദ്ദേശിച്ചിരുന്നത്. ഇതിലേക്കായി 13 ഇനങ്ങൾ ഉൾപ്പെടുത്തി 7 ലക്ഷം രൂപ അടങ്കലിൽ എസ്റ്റിമേറ്റ് തയ്യാറാക്കി. ആശുപത്രി കെട്ടിടം പൊളിക്കാനുദ്ദേശിക്കുന്നതിനാൽ 2017-18 ൽ നിർമ്മിച്ച ടോയ് ലറ്റ് പൂർത്തീകരിക്കുവാനും, മിച്ചം തുകയിൽ ഇന്റർലോക്ക് ചെയ്യുന്നതായും അസിസ്റ്റന്റ് എഞ്ചിനീയർ രേഖപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ 13 ൽ 7 ഇനങ്ങൾ ഒഴിവാക്കി 28 അധിക ഇനങ്ങൾ ഉൾപ്പെടുത്തി ടോയ്‌ലറ്റ് ടൈലിംഗ്, യാർഡ് ഇന്റർലോക്കിംഗ് എന്നിവ ചെയ്ത് പ്രവൃത്തി പൂർത്തീകരിച്ചിരിക്കുന്നു. അംഗീകാരം നേടിയ പദ്ധതിയിൽ ഇത്രയും വ്യതിയാനമുണ്ടാകാനിടയായ സാഹചര്യം വ്യക്തമല്ല. പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ട്, റിവൈസ്ഡ് എസ്റ്റിമേറ്റ് റിപ്പോർട്ട് എന്നിവ ഫയലിൽ ലഭ്യമല്ല. അപാകത സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം. 19/15.01.2022) പ്രവൃത്തിക്കായി ടെണ്ടർ നടപടികൾ പൂർത്തിയാക്കി, പ്രവൃത്തി ആരംഭിച്ച ശേഷം താലൂക്ക് ആശുപത്രിക്കായി പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ടെന്നും, അംഗീകാരം ലഭിക്കുന്നതുവരെ ബ്ലോക്ക് പഞ്ചായത്തിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ നീട്ടിവയ്ക്കണമെന്നും ആശുപത്രി സൂപ്രണ്ട് അറിയിച്ചതിന്റെ അടിസ്ഥാനത്തിലും, ഫണ്ടിന്റെ പരിമിതി മൂലം പൂർത്തിയാക്കാൻ കഴിയാതിരുന്ന ടോയ്‌ലറ്റ് പദ്ധതിയിലൂടെ പൂർത്തിയാക്കണമെന്ന് സൂപ്രണ്ട് ആവശ്യപ്പെട്ടതിനാലും, ബ്ലോക്ക് പഞ്ചായത്ത് ആയതിനു വേണ്ട നടപടികൾ സ്വീകരിക്കുന്നതിനു നിർദ്ദേശിച്ചതിനാലുമാണ് ടോയ്‌ലറ്റ് പൂർത്തീകരണ പ്രവൃത്തികൾ നടപ്പിലാക്കിയത് എന്നു മറുപടി ലഭ്യമാക്കി.

പ്രവൃത്തിക്കായി സ്ഥലപരിശോധന നടത്തി എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിയും, സാങ്കേതികാനുമതിയും നേടിയ ശേഷവും, ടെണ്ടർ നടപടികൾ പൂർത്തിയാക്കിയ ശേഷവും ഇപ്രകാരം പ്രവൃത്തി പൂർണ്ണമായും ഭേദഗതി ചെയ്യാനിടയാകുന്ന സാഹചര്യം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ആവശ്യങ്ങൾ പരിഗണിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി, ഡി.പി.സി. അംഗീകാരവും നേടിയശേഷം പ്രവൃത്തിയിൽ വ്യാപകമായ മാറ്റം വേണ്ടിവരുന്നത് പദ്ധതി ആസൂത്രണത്തിലെ അപാകതകളാണ് വ്യക്തമാക്കുന്നത്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-24 പകൽ വീട് - 27.76 ലക്ഷം രൂപ ചെലവഴിച്ചിട്ടും പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

പ്രോജക്ട് നം. 82/20 പകൽ വീട് തുടർ പ്രവർത്തനങ്ങൾ പ്രവൃത്തിക്കായി ബ്ലോക്ക് പഞ്ചായത്ത് 27.76 ലക്ഷം രൂപ വിനിയോഗിച്ചു. പദ്ധതിയുടെ എസ്റ്റിമേറ്റ്, ചെവഴിച്ച തുക സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

| | ഇനം | അടങ്കൽ തുക | ചെലവഴിച്ച തുക | ബിൽ നം./തീയതി |
|---|---|---|---|---|
| I | സിവിൽ പ്രവൃത്തി 44 ഇനം | 2197406 | 722364 | 15/16.01.2019 |
| | | | 573042 | 16/11.03.2019 |
| | | | 868704 | 8/05.07.2019 |
| | | | (ആകെ 2164110) | |
| II | ഇലക്ട്രിഫിക്കേഷൻ (Lump Sum) | 350000 | 349269 | 7/08.07.2019 |
| III | ജിഎസ്.ടി (Lump Sum) | 102500 | 0 | |
| IV | മേശ, കസേര, ബെഡ് വാങ്ങൽ (Lump Sum) | 277625 | 128738 | 2/29.04.2019 |
| | | | 134210 | 10/20.08.2019 |
| | | | (ആകെ 262948) | |
| V | മറ്റിനം | 169 | 0 | |

| | | | | |
|---|---|---|---|---|
| | ആകെ | 2927700 | 2776327 | |

പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) പദ്ധതി ഫയലിൽ അളവുകൾ രേഖപ്പെടുത്തിയ സൈറ്റ് പ്ലാൻ, തദ്ദേശ സ്ഥാപനം അഗീകാരം നൽകിയ ബിൽഡിംഗ് പ്ലാൻ തുടങ്ങിയവ ലഭ്യമല്ല. റെയിൽവേ ലൈനിനോട് ചേർന്ന സ്ഥിതി ചെയ്യുന്ന സ്ഥലത്ത്, കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിനു മുൻപായി റെയിൽവേ ലൈനിൽ നിന്നും നിശ്ചിത അകലം പാലിക്കുന്നുണ്ടു എന്നതിനും, സ്ഥലം സമീപ ഭാവിയിൽ ഏറ്റെടുക്കുന്നതല്ല എന്നതിനുമുള്ള റെയിൽവേ അധികാരികളുടെ എൻ.ഒ.സി. നേടേണ്ടതുണ്ടെങ്കിലും പ്രസ്തുത രേഖകൾ ലഭ്യമാക്കാതെയാണ് നിർമ്മാണം നടത്തിയിട്ടുള്ളത്..

2) ഭരണസമിതിയുടെ 23.02.2019ലെ തീരുമാനം നം. 1(14) ലൂടെ പർച്ചേസിംഗിനായി വകയിരുത്തിയിരുന്ന തുക ഉപയോഗിച്ച് ആവശ്യമായ ഫർണിച്ചറുകളും, അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനും, കെട്ടിടം പണി പൂർത്തികരിക്കുന്നതിനും, ലാൻഡ്സ്കേപ്പിംഗ് ചെയ്യുന്നതിനും നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ഇനം IV പ്രകാരം പകൽവീടിന് ആവശ്യമായ ഉപകരണങ്ങൾ 128738/- രൂപക്ക് ആർട്കോയിൽ നിന്നും വാങ്ങുന്നതിനായി വിനിയോഗിച്ചിട്ടുണ്ട്. ലാൻഡ്സ്കേപ്പിംഗ്, യാഡ് ഇന്റർലോക്കിംഗ്, നെയിം ബോർഡ് സ്ഥാപിക്കൽ, മറ്റു ഇനങ്ങൾക്കായി ക്വട്ടേഷൻ ക്ഷണിച്ച് 1,34,210/- രൂപ ശ്രീ. ലാജു എന്ന വ്യക്തിമുഖാന്തിരവും ചെലവ് ചെയ്തിട്ടുണ്ട്. ഒരു ലക്ഷം രൂപയിലധികമുള്ള ചെലവിന് ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതുണ്ടെങ്കിലും, ക്വട്ടേഷൻ നടപടികൾ മാത്രമാണ് സ്വീകരിച്ചിട്ടുള്ളത്. ലാൻഡ്സ്കേപ്പിംഗ്, ഇന്റർലോക്കിംഗ് തുടങ്ങിയവ സിവിൽ പ്രവ്യത്തിയുടെ ഭാഗമായി ചെയ്യാമായിരുന്നുവെങ്കിലും അപ്രകാരം നിർവഹിച്ചിട്ടില്ല. ആർട്കോയിൽ നിന്നും വാങ്ങിയ ഫർണിച്ചർ ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തതിനുള്ള രേഖകൾ ലഭ്യമായില്ല. ലഭ്യമാക്കിയിട്ടുള്ള ബില്ലിൽ സ്റ്റോക്ക് സർട്ടിഫിക്കറ്റ് രേഖപ്പെടുത്തിയിട്ടില്ല.

3) ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ രണ്ടു നിലകളിലായി നിർമ്മിച്ചിട്ടുള്ള പകൽവീട് 03.06.2019 ൽ പൂർത്തിയാക്കിയിട്ടുണ്ട്. എന്നാൽ പകൽവീടിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട രേഖകൾ ഒന്നുംതന്നെ പരിശോധനക്കു ലഭ്യമായില്ല. നിലവിൽ ഈ കെട്ടിടം പകൽവീടിന്റെ പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്നില്ല. മുകളിലത്തെ നിലയിൽ വയോമിത്രം പദ്ധതി നടപ്പാക്കുന്നതിന് സജ്ജീകരിച്ചിരിക്കുന്നു. പദ്ധതി വിഹിതത്തിൽ നിന്നും വൃദ്ധജനങ്ങൾക്ക് വകയിരുത്തി ചെലവഴിക്കുന്ന തുക ആ വിഭാഗത്തിന് പൂർണ്ണമായും പ്രയോജനപ്പെടാത്തുവാൻ സാധിക്കാത്ത സ്ഥിതിയാണ് സംജാതമായിരിക്കുന്നത്.

അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണങ്ങൾക്ക് (നം. 28, 32) ആദ്യത്തേതിന് തദ്ദേശ സ്വയംഭരണ സ്ഥാപനം നേരിട്ട് ചെയ്യുന്ന നിർമ്മാണ പ്രവ്യത്തികൾക്ക് ബിൽഡിംഗ് പെർമിറ്റ് ലഭ്യമാക്കേണ്ട ആവശ്യമില്ലായെന്നും, കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് റെയിൽവേ സ്റ്റേഷൻ സൂപ്രണ്ടിനു കത്ത് നൽകിയിരുന്നുവെങ്കിലും, ആയത് സംബന്ധിച്ച് റെയിൽവേ അധികൃതരിൽ നിന്നും നടപടികൾ ഉണ്ടായില്ലായെന്നും, നിർമ്മാണം സംബന്ധിച്ച് റെയിൽവേ/ ഗ്രാമപഞ്ചായത്ത് അധികാരികൾ ആക്ഷേപം ഉന്നയിച്ചിട്ടില്ലാത്തതായും അറിയിച്ചു. കെട്ടിടത്തിന്റെ പ്ലാൻ, സൈറ്റ് പ്ലാൻ എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടുള്ളതായും, പദ്ധതി പൂർത്തിയായപ്പോൾ പ്ലാൻ, സൈറ്റ് പ്ലാൻ എന്നിവ ഗ്രാമപഞ്ചായത്തിനു നൽകി കെട്ടിടനമ്പർ ലഭ്യമാക്കിയതായും അറിയിച്ചു. പകൽവീട് നിർമ്മാണത്തിനോടൊപ്പം വയോമിത്രം പദ്ധതിയും ഉൾപ്പെടുത്തിയിരുന്നതിനാൽ, പദ്ധതി പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കേണ്ട സാഹചര്യം വന്നതിനാൽ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ നിർദ്ദേശത്തിന്റെ കൂടി അടിസ്ഥാനത്തിലാണ് ലാൻഡ്സ്കേപ്പിംഗ്, ഇന്റർലോക്കിംഗ് എന്നിവ ക്വട്ടേഷൻ ക്ഷണിച്ച് നടപ്പിലാക്കിയത് എന്നും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മറുപടി നൽകി.
അപാകതകയുമായി ബന്ധപ്പെട്ട രണ്ടാമത്തെ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമായില്ല. പകൽവീടിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും, പദ്ധതി പ്രകാരം വാങ്ങിയ ഉപകരണങ്ങൾ സ്റ്റോക്കിലെടുത്ത് പകൽവീടിനു കൈമാറിയതിനുള്ള രേഖകൾ ലഭ്യമാക്കേണ്ടതുമാണ്.

## 1-25 പവർ ലോൻഡ്രി കെട്ടിടം പ്രവർത്തനക്ഷമമാക്കിയിട്ടില്ല

പ്രോജക്ട് നം. 67/20 പാറശ്ശാല താലൂക്ക് ആശുപത്രിയിൽ പവർ ലോൻഡ്രി കെട്ടിട നിർമ്മാണം, ഉടർവർഷ പദ്ധതികൾ (2020-21 ലെ 19/21(സ്പിൽ ഓവർ), 93/21) പ്രകാരം ആകെ 14,16,015/- (486884+166496+762635) രൂപ ചെലവഴിച്ച് പാറശ്ശാല താലൂക്ക് ആശുപത്രിയിൽ പവർ ലോൻഡ്രി കെട്ടിട നിർമ്മാണം പൂർത്തീകരിച്ചശേഷം, മറ്റു ഫണ്ട് ഉപയോഗിച്ച് യന്ത്രങ്ങളും വാങ്ങിയിട്ടുണ്ട്. 18.01.2022 തീയതിയിൽ ഓഡിറ്റ് ടീം നടത്തിയ സ്ഥലപരിശോധനയിൽ പവർ ലോൻഡ്രിക്കായി വാങ്ങിയ 3 മെഷിനുകൾ ഇൻസ്റ്റലേഷൻ പോലും നടത്താതെ ലോൻട്രി കെട്ടിടത്തിനുള്ളിൽ പൂട്ടിയിട്ടിട്ടുള്ളതായി കാണുകയുണ്ടായി.

ഉപകരണങ്ങൾ ഇൻസ്റ്റാൾ ചെയ്ത് ഉപയോഗപ്രദമാക്കാത്തതിനുള്ള കാരണം അന്വേഷിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.32) മറുപടി ലഭ്യമാക്കിയില്ല. പദ്ധതി തുക വിനിയോഗിച്ച കെട്ടിടം നിർമ്മിച്ച്, ഉപകരണങ്ങളും

വാങ്ങിയശേഷം ഉപയോഗപ്പെടുത്താതിരിക്കുന്നത് പദ്ധതി തുകയുടെ ദുർവിനിയോഗമായി വിലയിരുത്താവുന്ന വീഴ്ചയാണ്. ഉപകരണങ്ങൾ അടിയന്തിരമായി ഇൻസ്റ്റാൾ ചെയ്ത് പ്രവർത്തനക്ഷമമാക്കേണ്ടതും പദ്ധതി ലക്ഷ്യം കൈവരിക്കേണ്ടതുമാണ്.

## 1-26 വയോമിത്രം പദ്ധതി പൂർണ്ണമായി നടപ്പാക്കിയില്ല

വയോമിത്രം പദ്ധതി നടപ്പാക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിനുള്ളിൽ നിർമ്മിച്ചിട്ടുള്ള പകൽ വീട് സജ്ജമാക്കുന്നതിന് ചുവടെ പറയും പ്രകാരം പദ്ധതി നടപ്പാക്കി.

| | |
|---|---|
| പദ്ധതിയുടെ പേരും നമ്പരും | പകൽ വീടിന്റെ അടിസ്ഥാന സൌകര്യ വികസനം (109/20) |
| അടങ്കൽ തുക | 600000/- |
| ഫണ്ട് | മെയിന്റനൻസ് ഫണ്ട് 459000/-<br>വികസന ഫണ്ട് 141000/- |
| ചെലവ് തുക | 487647 |
| ബിൽ നം തീയതി | 11/19-20 29.8.2019 352534/-<br>22/19-20 18.10.2019 14726/-<br>23/19-20 18.10.2019 120387/-<br>43/19-20 1.2.2020 58350/- (ക്യൂ ബിൽ) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

വയോജനങ്ങളുടെ ആരോഗ്യപരിപാലനവും സംരക്ഷണവും ഉറപ്പാക്കുന്നതിന് കേരള സാമൂഹ്യ സുരക്ഷാമിഷനും ബ്ലോക്ക് പഞ്ചായത്തും സംയുക്തമായി വയോമിത്രം പദ്ധതി നടപ്പാക്കുന്നതിന് സർക്കാർ നിർദേശം നൽകിയിട്ടുണ്ട്. അറുപത്തിയഞ്ച് വയസ്സിന് മുകളിൽ പ്രായമുള്ള വൃദ്ധജനങ്ങൾക്ക് മരുന്ന് ലഭ്യമാക്കുന്നതിനുള്ള ക്ലിനിക് നടത്തുന്നതിന് ആവശ്യമായ ഓഫീസ് കെട്ടിടം മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ തദ്ദേശസ്ഥാപനം കണ്ടെത്തി നൽകേണ്ടതാണ്. അതിൻപ്രകാരം പഞ്ചായത്ത് കോമ്പൗണ്ടിനുള്ളിൽ പണികഴിപ്പിച്ചിട്ടുള്ള പകൽ വീട് പ്രസ്തുത ആവശ്യത്തിനായി വിട്ട് നൽകി മേൽ പദ്ധതി പ്രകാരം ആവശ്യമായ ഫർണീച്ചർ, കമ്പ്യൂട്ടർ, പ്രിന്റർ എന്നിവ വാങ്ങിയിരിക്കുന്നു. പാറശ്ശാല ബ്ലോക്കിൽ ഉൾപ്പെടുന്ന ആറ് ഗ്രാമ പഞ്ചായത്തുകളെ തിരുപുറം-പാറശ്ശാല, ചെങ്കൽ-പൂവ്വാർ, കാരോട്-കുളത്തൂർ എന്നിങ്ങനെ മൂന്ന് യൂണിറ്റുകളായി തിരിച്ച് ഓരോ യൂണിറ്റിനും ഒരു മെഡിക്കൽ ഓഫീസർ, സ്റ്റാഫ് നഴ്സ്, ജെ പി എച്ച് എൻ എന്നിങ്ങനെ ഉദ്യോഗസ്ഥരും വാഹനവും ആവശ്യമാണെന്നും കേരള സാമൂഹ്യ സുരക്ഷാമിഷന്റെ പദ്ധതി നിർദേശങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

മൂന്ന് യൂണിറ്റുകളുടെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഉപകരണങ്ങൾ പദ്ധതി പ്രകാരം വാങ്ങിയിട്ടുണ്ടെങ്കിലും തിരുപുറം-പാറശ്ശാല എന്നിങ്ങനെ രണ്ട് പഞ്ചായത്തുകൾ ഉൾപ്പെടുന്ന ഒരു യൂണിറ്റ് മാത്രമാണ് നാളിതുവരെ പ്രവർത്തനക്ഷമമായിട്ടുള്ളത്. മറ്റ് യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്ന് വരുന്നതായി 17.01.2022 തീയതിയിലെ ഓഡിറ്റ് അന്വേഷണം നം.22 നുള്ള മറുപടിയിൽ അറിയിച്ചിരിക്കുന്നു. മറ്റ് യൂണിറ്റുകളുടെ പ്രവർത്തനങ്ങൾക്കായി വാങ്ങിയ ഇലക്ട്രോണിക് ഉപകരണങ്ങൾ യഥാസമയം ഉപയോഗിക്കാതിരുന്നാൽ ഉപയോഗശൂന്യമാകുന്ന അവസ്ഥ സംജാതമാകുന്നതാണ്. പദ്ധതി ചെലവ് തുകയിൽ നാൽപ്പതിനായിരത്തോളം രൂപ ഡോർ വിൻഡോ കർട്ടൻ വാങ്ങുന്നതിന് വിനിയോഗിച്ചെങ്കിലും ക്ഷുദ്രജീവികളുടെ ഉപദ്രവം കാരണം ആയത് ഫിക്സ് ചെയ്ത് ഉപയോഗിക്കാൻ സാധിക്കുന്നില്ല. കൃത്യമായ ആസൂത്രണവും മുന്നൊരുക്കവും ഇല്ലാതെ പദ്ധതികൾ നടപ്പാക്കുന്നതാണ് ഇത്തരം വീഴ്ചകൾക്കും പാഴ്ചെലവിനും കാരണമാകുന്നത്.

കേരള സാമൂഹ്യ സുരക്ഷാമിഷന്റെ നിർദേശാനുസരണം വൃദ്ധജനങ്ങൾക്ക് ആവശ്യമായ ക്ലിനിക്കൽ സൗകര്യങ്ങൾ ലഭ്യമാകുന്നതിന് പദ്ധതി ഫലപ്രദമായും പൂർണ്ണതോതിലും നടപ്പാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-27 ലൈഫ് ഭവന പദ്ധതി വിഹിതം നൽകൽ - ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല – 11817990/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

ബ്ലോക്ക് പരിധിയിലെ അർഹരായ ഗുണഭോക്താക്കൾക്ക് ലൈഫ് ഭവന നിർമ്മാണ പദ്ധതിയ്ക്ക് ധനസഹായം നൽകുന്നതിന് ചുവടെ ചേർത്തിരിക്കുന്ന പ്രകാരം പദ്ധതികൾ നടപ്പാക്കി.

| പദ്ധതിയുടെ പേരും നമ്പരും | ലൈഫ് ഭവന പദ്ധതി വിഹിതം നൽകൽ (7/20) | ലൈഫ് ഭവന പദ്ധതി പട്ടികജാതി(15/20) |
|---|---|---|

| | | |
|---|---|---|
| അടങ്കൽ തുക | 10518200/- | 2940800/- |
| ഫണ്ട് | വികസന ഫണ്ട് | വികസന ഫണ്ട് എസ് സി പി |
| ചെലവ് തുക | 10517990/- | 1300000/- |
| ബിൽ നം തീയതി | 9397990/-(10/27.8.19)<br>1120000/- 53/11.3.2020) | 12/19-20 29.8.2019 400000/-<br>13/19-20 29.8.2019 900000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി | സെക്രട്ടറി |

ജനറൽ, പട്ടികജാതി വിഭാഗത്തിലായി യഥാക്രമം 10517990/-, 1300000/- എന്നിങ്ങനെ ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

(എ)ലൈഫ് ഭവന പദ്ധതി വിഹിതം നൽകൽ(7/20)

| ക്രമ നം | പദ്ധതി വിഹിതം നൽകിയ സ്ഥാപനത്തിന്റെ പേര് | നൽകിയ തുക |
|---|---|---|
| 1 | പാറശ്ശാല ഗ്രാമ പഞ്ചായത്ത് | 1041040<br>1120000 |
| 2 | കാരോട് ഗ്രാമ പഞ്ചായത്ത് | 2537500 |
| 3 | ചെങ്കൽ ഗ്രാമ പഞ്ചായത്ത് | 3071250 |
| 4 | കുളത്തൂർ ഗ്രാമ പഞ്ചായത്ത് | 989450 |
| 5 | തിരുപുറം ഗ്രാമ പഞ്ചായത്ത് | 1015000 |
| 6 | പൂവ്വാർ ഗ്രാമപഞ്ചായത്ത് | 743750 |

(ബി) പദ്ധതി നം 15/20 പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയ വിഹിതം

| ക്രമ നം | പദ്ധതി വിഹിതം നൽകിയ സ്ഥാപനത്തിന്റെ പേര് | നൽകിയ തുക |
|---|---|---|
| 1 | പാറശ്ശാല ഗ്രാമ പഞ്ചായത്ത് | 900000 |
| 2 | പൂവ്വാർ ഗ്രാമപഞ്ചായത്ത് | 400000 |

ചെലവ് തുകയുടെ ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.31 (തീയതി : 18.01.2022) ന് മറുപടി ലഭ്യമാക്കിയില്ല. ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്നത് വരെ 1,18,17,990/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-28 ക്ഷീര സമൃദ്ധി-വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല

പദ്ധതി നമ്പർ : 66

പദ്ധതിയുടെ പേര് : ക്ഷീര സമൃദ്ധി (ജനറൽ)

അടങ്കൽ തുക : 10,00,000/-

ചെലവ് തുക : 5,35,425/-

ഫണ്ടിനം : വികസന ഫണ്ട്

ബിൽ നമ്പർ, തീയതി : 01/2019- '20, തുക 4,00,000/-

പ്രസ്തുത പദ്ധതിയിൽ പാറശ്ശാല ബ്ലോക്കിലുൾപ്പെട്ട നാല് ഗ്രാമപഞ്ചായത്തുകളിൽ (പാറശ്ശാല, ചെങ്കൽ, കുളത്തൂർ, തിരുപുറം) പദ്ധതി വിഹിതം ചെലവഴിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (30 / 2022, 19.01.2022) മറുപടി ലഭ്യമായില്ല.

പദ്ധതി നമ്പർ : 10

പദ്ധതിയുടെ പേര് : ക്ഷീര സമൃദ്ധി (വനിത)

അടങ്കൽ തുക :35,00,000/-

ചെലവ് തുക :35,00,000/-

ഫണ്ടിനം : വികസന ഫണ്ട്.

ബിൽ നമ്പർ, തീയതി തുക : 1. 02/2019- '20, 31.08.2019 8,00,000/- കാരോട്

2. 03/2019- '20, 6,90,000/-31.08.2019 (കാരോട് ഗ്രാമപഞ്ചായത്ത് 4,00,000/-, പൂവാർ 2,90,000/-)

3. 04/2019- '20, 7,10,000/- 28.09.2019, ചെങ്കൽ ഗ്രാമപഞ്ചായത്ത്

4. 05/2019- '20, 7,00,000/-28.09.2019, കുളത്തൂർ ഗ്രാമപഞ്ചായത്ത്

5. 06/2019-'20, 6,00,000/-28.09.2019, തിരുപുറം ഗ്രാമപഞ്ചായത്ത്

പ്രസ്തുത പദ്ധതിയിൽ പാറശ്ശാല ബ്ലോക്കിലുൾപ്പെട്ട അഞ്ച് ഗ്രാമപഞ്ചായത്തുകളിൽ (കാരോട്, പൂവാർ, ചെങ്കൽ, കുളത്തൂർ, തിരുപുറം) പദ്ധതി വിഹിതം ചെലവഴിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് നൽകിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (30 / 2022, 19.01.2022) മറുപടി ലഭ്യമായില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-29 പൂർത്തീകരിക്കാത്ത വീടുകളുടെ പൂർത്തീകരണം -രജിസ്റ്ററിൽ പദ്ധതി വിഹിതം കൈപ്പറ്റിയതിന്റെ വിവരങ്ങൾ ഇല്ല

പദ്ധതി നമ്പർ : 40

പദ്ധതിയുടെ പേര് : പൂർത്തീകരിക്കാത്ത വീടുകളുടെ പൂർത്തീകരണം

അടങ്കൽ തുക : 42,00,000/-

ചെലവ് തുക : 30,50,000/-

ഫണ്ടിനം : വികസന ഫണ്ട്, എസ്.സി.പി.

മേൽ പദ്ധതിയുമായി ബന്ധപ്പെട്ട് ചുവടെ വിവരിക്കുന്ന അപാകതകൾ ഉണ്ട്

1. പരിശോധനയ്ക്ക് നൽകിയ രജിസ്റ്ററിൽ പദ്ധതി വിഹിതം കൈപ്പറ്റിയതിന്റെ വിവരങ്ങൾ ഇല്ല.

2. ഗുണഭോക്താക്കളുമായി ഏർപ്പെട്ട കരാർ പൂർണ്ണമായി പൂരിപ്പിച്ച് ഒപ്പ് വച്ചിട്ടില്ല.

3. സുശീല, മേലേ പട്ടവിളാകം, തിരുപുറം പി.ഒ. എന്നവരുടെ കരാറും ഫയലിൽ ഇല്ല.
അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-30 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം ചെലവ് രേഖയിൽ ഉൾപ്പെടുത്തിയിട്ടില്ല.

വാർഷിക ധനകാര്യ പത്രിക (R.P-47) പ്രകാരം തൻവർഷം 2049428/-രൂപ നിക്ഷേപപ്രവൃത്തികൾക്ക് നൽകിയിട്ടുണ്ട്. എന്നാൽ മേൽ തുകകൾ ഏതൊക്കെ പ്രവൃത്തികൾക്കാണ് നൽകിയെന്ന വിവരം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. കൂടാതെ തൻവർഷത്തെ ചെലവ് പത്രിക മുഖേന നിക്ഷേപപ്രവൃത്തികൾക്ക് തുക ചെലവഴിച്ചിട്ടില്ലായെന്ന് കണ്ടെത്തി. മേൽവിവരിച്ച 2049428/-രൂപ നിർവ്വഹണ ഏജൻസികൾക്ക് നൽകിയതാണെങ്കിൽ പ്രസ്തുത കാലയളവും പ്രവൃത്തികളുടെ വിവരവും നിലവിലെ സ്ഥിതിയും അറിയിക്കേണ്ടതാണ്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

സംയുക്ത പ്രോജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം. (ബ്ലോക്ക് പഞ്ചായത്ത് ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം)

| | മുന്നിരിപ്പ് | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ഗ്രാമ പഞ്ചായത്ത് വിഹിതം | 5326621 | 3500000 | 5567733(ചെക്ക് ഇഷ്യൂ രജിസ്റ്റർ പ്രകാരം)<br>4056480(സുലേഖ പത്രിക പ്രകാരം) | 1290880 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 1532000 | 0 | | |
| ആകെ | 6858621 | 3500000 | | |

മുന്നിരിപ്പ്, ചെലവ് എന്നിവ കണക്കാക്കുമ്പോൾ എ.എഫ്.സി-ലെ (B4) നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല. 2018-19-ൽ പി.എം.എ.വൈ. യിൽ ഹെഡുകൾ മാറി പോസ്റ്റ് ചെയ്തപ്പോഴാണ് മേൽ അപാകത സംഭവിച്ചതെന്ന് നം.64/ബി.പി.1/2021/പി.എസ്.എൽ.എ. തിയതി. 15/2/2022 കത്ത് പ്രകാരം അറിയിച്ചു. കൂടാതെ പദ്ധതിചെലവിൽ തന്നെ ചെക്ക് ഇഷ്യൂ രജിസ്റ്റർ പ്രകാരവും (5567733/-) സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരവും(4056480/-) 1511253/-രൂപയുടെ വ്യത്യാസം ഉണ്ടെന്ന് ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം വ്യക്തമാകുന്നു. ഇപ്രകാരം സംഭവിച്ച 1511253/-രൂപയുടെ യഥാർത്ഥ വസ്തുത ഓഡിറ്റിനെ രേഖാമൂലം അറിയിക്കേണ്ടതാണ്.

### 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഖണ്ഡിക 1-30 കാണുക

### 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

### 4-4 വായ്പാ/വായ്പാ തിരിച്ചടവ് (ബ്ലോക്ക് പഞ്ചായത്ത് ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം)

| വായ്പയുടെ പേര് | തുക | വർഷാരംഭത്തിൽ തിരിച്ച് അടവാക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ച് അടവാക്കിയതുക | വർഷാവസാനം ബാക്കിയുള്ള തുക |
|---|---|---|---|---|
| IAY | 5950000 | | 0 | 5950000 |
| EMS | 1486315 | | 0 | 1486315 |

### 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

### 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട് ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ചാർജ് സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 49842272/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 58249344/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല./- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1452791/- |

(ബി). ബ്ലോക്ക്പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 100000/- | ശ്രീ.കെ.രാജേന്ദ്രൻ,സെക്രട്ടറി |
| 1-19 | 52791/- | ഡോ.ജവഹർ,മെഡിക്കൽ ഓഫീസർസി.എച്ച്.സി.പൂവ്വാർ. |
| 1-27 | 1300000/- | ശ്രീ.കെ.രാജേന്ദ്രൻ,സെക്രട്ടറി. |
| ആകെ | 1452791/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഖണ്ഡിക1-13 ,1-27 ശ്രീ.കെ.രാജേന്ദ്രൻ, | സെക്രട്ടറി | തിരുവോണം, ഉദിയൻകുളങ്ങര, ആറയൂർ.പി.ഒ പിൻ.695122 |
| ഖണ്ഡിക1-19 ഡോ.ജവഹർ | മെഡിക്കൽ ആഫീസർ, സി.എച്ച്.സി, പൂവ്വാർ | W.J നിവാസ്, ലൂയിസ് കോമ്പൗണ്ട്, മങ്കാട്, തിരുമല.പി.ഒ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡിക കളുടെ എണ്ണം |
|---|---|---|
| 2011-12 | കെ.എസ്.എ.റ്റി.വി.എം.ബി.പി./1166/2018 തീയതി 06.06.2018 | 1 |
| 2013-14 | കെ.എസ്.എ.റ്റി.വി.എം.ബി.പി./1166/2018 തീയതി 06.06.2018 | 1 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.ബി.പി./1166/2018 തീയതി 06.06.2018 | 10 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ബി.പി./1166/2018 തീയതി 09.06.2017 | 11 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ബി.പി./1166/2018 തീയതി 04.06.2018 | 5 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ബി.പി.1/1845/2018 തീയതി 15.10.2018 | 10 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം.ബി.പി.1/1845/2018 തീയതി 15.10.2018 | 10 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം.ബി.പി./68/2020 തീയതി 17.02.2020 | 26 |

ഒപ്പ്/-

ജോയിന്റ് ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്